# ഗൈബ്
## ഇസ്‌ലാഹി പണ്ഡിതരുടെ വീക്ഷണത്തിൽ

അൻവർ അബൂബക്കർ

അല്ലാഹു പറഞ്ഞു:

الم * ذَلِكَ الْكِتَابُ لا رَيْبَ فِيهِ هُدًى لِلْمُتَّقِينَ * الَّذِينَ يُؤْمِنُونَ بِالْغَيْبِ وَيُقِيمُونَ الصَّلاةَ وَمِمَّا رَزَقْنَاهُمْ يُنفِقُونَ * وَالَّذِينَ يُؤْمِنُونَ بِمَا أُنْزِلَ إِلَيْكَ وَمَا أُنْزِلَ مِنْ قَبْلِكَ وَبِالآخِرَةِ هُمْ يُوقِنُونَ * أُوْلَئِكَ عَلَى هُدًى مِنْ رَبِّهِمْ وَأُوْلَئِكَ هُمُ الْمُفْلِحُونَ

“അലിഫ് ലാം മീം. ഇതാകുന്നു ഗ്രന്ഥം. അതിൽ സംശയമേയില്ല. സൂക്ഷ്മത പാലിക്കുന്നവർക്ക് നേർവഴി കാണിക്കുന്നതത്രെ അത്. അദൃശ്യകാര്യങ്ങളിൽ വിശ്വസിക്കുകയും, പ്രാർത്ഥന അഥവാ നമസ്കാരം മുറപ്രകാരം നിർവഹിക്കുകയും, നാം നൽകിയ സമ്പത്തിൽ നിന്ന് ചെലവഴിക്കുകയും, നിനക്കും നിന്റെ മുൻഗാമികൾക്കും നൽകപ്പെട്ട സന്ദേശത്തിൽ വിശ്വസിക്കുകയും, പരലോകത്തിൽ ദൃഢമായി വിശ്വസിക്കുകയും ചെയ്യുന്നവരത്രെ അവർ (സൂക്ഷ്മത പാലിക്കുന്നവർ). അവരുടെ നാഥൻ കാണിച്ച നേർവഴിയിലാകുന്നു അവർ. അവർ തന്നെയാകുന്നു സാക്ഷാൽ വിജയികൾ.”[1]

അല്ലാഹുവിന്റെ വിധിവിലക്കുകൾ ജീവിതത്തിൽ സൂക്ഷിച്ച് ജീവിക്കുന്ന മുത്തഖീങ്ങളുടെ സ്വഭാവഗുണമായി എടുത്തുപറഞ്ഞ അഞ്ചുകാര്യങ്ങളിൽ ഒന്നാമതായി എടുത്തുപറഞ്ഞത്, അവർ ഗൈബിൽ വിശ്വസിക്കുന്നവരാണ് എന്നതാണ്. എന്താണ് അതിന്റെ പ്രാധാന്യം എന്നുള്ളത് പ്രബോധന മേഖലയിൽ നിറഞ്ഞുനിന്നിരുന്ന സൂക്ഷ്മാലുക്കളും വേണ്ടത്ര അറിവുമുള്ളവർ സംസാരിക്കട്ടെ: “ഗൈബിൽ (അദൃശ്യകാര്യങ്ങൾ) വിശ്വസിക്കുകയെന്ന വിഷയം ഇസ്‌ലാമിലെ മൗലിക പ്രധാനമായ സംഗതിയാണ്. അല്ലാഹുവിലുള്ള വിശ്വാസവും അല്ലാഹുവിനു മാത്രം ഇബാദത്ത് ചെയ്യുക എന്നതും ഈ വിശ്വാസത്തിന്റെ മൂലഘടകമാണ്. ഖുർആൻ ആരംഭിക്കുന്നതു തന്നെ ‘الَّذِينَ يُؤْمِنُونَ بِالْغَيْبِ’ എന്ന് അറിയിച്ചുകൊണ്ടാകുന്നു. സൂക്ഷ്മതയുള്ളവർക്കാണ് ഈ ഗ്രന്ഥം മാർഗ്ഗദർശനമാകുന്നത് എന്ന് പറഞ്ഞുകൊണ്ട് തഖ്‌വയുടെ ഒന്നാമത്തെ ഉപാധിയായി ഗൈബിലുള്ള വിശ്വാസത്തെ വിശുദ്ധ ഖുർആൻ ഉയർത്തിക്കാട്ടുന്നു. മതം മതമാകുന്നതുതന്നെ ഗൈബിലുള്ള വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ്. എല്ലാ മതങ്ങളും അദൃശ്യമായ വിശ്വാസത്തിലധിഷ്ഠിതമാണ്. ഗൈബിലുള്ള വിശ്വാസത്തിന്റെ വികലതകളാണ് ഇസ്‌ലാമിൽനിന്നും മറ്റു മതങ്ങളെ വേർതിരിക്കുന്നത്. എല്ലാ വിശ്വാസ വൈകല്യങ്ങളെയും തിരുത്തി ഗൈബിയായ വിശ്വാസത്തിന്റെ സംശുദ്ധമായ രൂപമാണ് ഖുർആനും നബിചര്യയും മനുഷ്യനെ പഠിപ്പിക്കുന്നത്. ഇതിന് ഭൗതികമായ സമാനതകളില്ല, ഉദാഹരണങ്ങളുമില്ല.”[2]

ഗൈബുമായി ബന്ധപ്പെട്ട് ഉമർ മൗലവി(റഹി) കുറിച്ചിട്ട മേൽ വരികൾ ജമാഅത്തെ ഇസ്‌ലാമിയുമായി ബന്ധപ്പെട്ടുകൊണ്ടുള്ളതാണ്. അഭൗതികത കടന്നുവരാത്ത സംഗതികളിൽ

---

[1] ഖുർആൻ 2:1–5

[2] ഉമർ മൗലവി (റഹി), ഓർമ്മകളുടെ തീരത്ത്, പേജ് 188

ഗൈബ് തിരുകി കയറ്റിയതുമൂലം ഒരു വലിയ സമൂഹത്തെ മുശ്‌രിക്കുകളായി ചിത്രീകരിക്കാനിടയായ മൗദൂദിയുടെ നടപടിയെ ഖണ്ഡിക്കുകയായിരുന്നു അദ്ദേഹം. ഗൈബിലുള്ള വിശ്വാസം ശരിയാകാതെ വരുമ്പോഴാണല്ലോ ആളുകൾ ശിർക്കിലേക്ക് പോകുന്നതും, ശിർക്ക് ആരോപകരായി മാറുന്നതും. ഈ രണ്ട് നിലപാടുകളും അപകടകരമാണ് എന്നാണ് ഇസ്‌ലാമിക പ്രമാണങ്ങളിൽ നിന്നും നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്. ആദ്യത്തേത് പച്ചയായ ശിർക്കിന്റെ അപകടമാണെങ്കിൽ, പ്രവാചക വചനപ്രകാരം രണ്ടാമത്തേത് ശിർക്കാരോപണം വഴി അക്കാര്യം ആരോപിച്ച വ്യക്തിയുടെ അടുക്കലേക്ക് തന്നെ മടങ്ങും എന്നുള്ള ഭയാനകമായ സ്ഥിതിവിശേഷമാണ്. അതുകൊണ്ട് തന്നെ ഒരു മുസ്‌ലിം ഇബാദത്തും ശിർക്കുമായി ബന്ധപ്പെട്ട വിഷയത്തിൽ പ്രബോധനത്തിലേർപ്പെടുമ്പോൾ വളരെ ഗഹനമായും ഈ വിഷയം അറിഞ്ഞിരിക്കേണ്ടതുണ്ട്. മുസ്‌ലിം കൈരളിയിലെ പ്രബോധന മേഖലയിൽ ഇന്ന് അറിയപ്പെടുന്ന വ്യക്തിത്വമായ എം.എം. അക്ബർ സാഹിബിന്റെ തുടർന്നുള്ള വരികൾ ഇവ്വിഷയത്തിലേക്ക് വെളിച്ചം നൽകുന്നതാണ്: ‘‘ഇന്ദ്രിയങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള പര്യവേഷണങ്ങളിലൂടെ അനുഭവിക്കുവാനും ആ അനുഭവങ്ങളിൽനിന്ന് അനുമാനിക്കുവാനും പ്രസ്തുത അനുമാനങ്ങളെ പരീക്ഷണങ്ങളിലൂടെ സ്ഥിരീകരിക്കുവാനും അവയെക്കുറിച്ച് യുക്തിപൂർവം ചിന്തിച്ച് നിഗമനങ്ങളിൽ എത്തുവാനുമെല്ലാമുള്ള കഴിവ് മനുഷ്യർക്കുണ്ട്. ഇവയെല്ലാംതന്നെ കാര്യകാരണബന്ധങ്ങൾക്കകത്ത് നടക്കുന്നവയാണ്. കാര്യകാരണ ബന്ധങ്ങൾക്കതീതമായ അറിവാണ് ഗൈബ്. ഓരോ വിഷയത്തിലുമുള്ള ആത്യന്തികമായ അറിവാണത്. ആ അറിവ് നമ്മുടെ ഗവേഷണങ്ങൾക്ക് അതീതമാണ്. ഭൗതിക കാര്യങ്ങളിൽപോലും നമുക്ക് അറിയാൻ പറ്റുന്നതും അല്ലാത്തതുമായ ജ്ഞാനമേഖലകളുണ്ട്. നാളെ നേരം വെളുക്കുമെങ്കിൽ അത് എത്ര മണിക്കായിരിക്കുമെന്ന് ഭൂമിയുടെ ഭ്രമണ പരിക്രമണങ്ങളെക്കുറിച്ച് കൃത്യമായി അറിയാവുന്ന ഒരാൾക്ക് ഗണിച്ച് പറയുവാൻ കഴിഞ്ഞേക്കും; എന്നാൽ നാളെ ഈ പ്രപഞ്ചം നിലനിൽക്കുമോ അതല്ല, നശിക്കുമോ എന്ന് കണക്ക്കൂട്ടി പ്രവചിക്കാൻ ആർക്കും കഴിയില്ല. ജനിക്കാൻ പോകുന്ന കുഞ്ഞിന്റെ ലിംഗം നിർണയിക്കാൻ സ്കാനിംഗ് വഴി കഴിഞ്ഞേക്കും; എന്നാൽ അവൻ ഭാവിയിൽ ആരായിത്തീരുമെന്ന് കൃത്യമായി മനസ്സിലാക്കാൻ ഒരു ഭൗതിക പരീക്ഷണങ്ങൾവഴിയും സാധ്യമല്ല. ഭൗതികമായ നിരീക്ഷണങ്ങൾവഴി നമുക്ക് എത്തിച്ചേരാൻ കഴിയാത്ത അറിവാണ് അദൃശ്യജ്ഞാനം. കാര്യകാരണ ബന്ധങ്ങൾക്ക് അതീതമായ അറിവാണത്. ഇത് ഭൗതിക പ്രപഞ്ചത്തെക്കുറിച്ച അറിവാകാം. അതല്ലെങ്കിൽ ആത്മീയ ലോകത്തെക്കുറിച്ച ജ്ഞാനമാകാം. രണ്ടായിരുന്നാലും ഗൈബ് അല്ലാഹുവിന്റെ അധീനതയിലുള്ളതാണ്.’’[3]

അല്ലാഹുവിന് മാത്രം അറിയാൻ കഴിയുന്ന, മറ്റൊരു സൃഷ്ടിക്കും അറിയാൻ കഴിയാത്ത, തീർത്തും കാര്യകാരണ ബന്ധങ്ങൾക്ക് അതീതമായ ഒന്നാണ് യഥാർത്ഥത്തിലുള്ള ഗൈബ് എന്ന് മേൽ ഖണ്ഡികയിൽനിന്ന് സ്പഷ്ടമാകുന്നുണ്ട്. ഇതു തന്നെയാണ് മുജാഹിദ് പ്രസ്ഥാനത്തിന്റെ തുടക്കം മുതലുള്ള പണ്ഡിതൻമാരുടെ ഇവ്വിഷയകമായുള്ള വീക്ഷണം. സൂറഃ അൽബഖറഃയുടെ പ്രാരംഭ സൂക്തങ്ങൾ വ്യാഖ്യാനിക്കുമ്പോൾ അമാനി മൗലവി (റഹി) രേഖപ്പെടുത്തിയ വിശദീകരണം അതിനെ സത്യപ്പെടുത്തുന്നതാണ്. അതിങ്ങനെ: ‘‘غيب (ഗൈബ്) എന്ന വാക്കിന് ‘അദൃശ്യം അഥവാ മറഞ്ഞകാര്യം’ എന്നാണ് വാക്കർത്ഥം. ബാഹ്യേന്ദ്രിയങ്ങളുടെ ദൃഷ്ടിയിൽനിന്ന് മറഞ്ഞതൊക്കെ ഭാഷാർത്ഥപ്രകാരം ‘ഗൈബാ’കുന്നു. ഭർത്താക്കളുടെ അഭാവത്തിൽ അനിഷ്ടങ്ങളൊന്നും പ്രവർത്തിക്കാതെ സൂക്ഷിക്കുന്ന ഭാര്യമാരെപ്പറ്റി حافظات للغيب എന്ന് (4:34ൽ) പറഞ്ഞത് ഈ അർത്ഥത്തിലാണ്. ‘ഗൈബി’ൽ വിശ്വസിക്കുക എന്നതുകൊണ്ടുദ്ദേശ്യം, അല്ലാഹുവിന്റെ സത്ത, മലക്കുകൾ, പരലോകം, വിചാരണ, സ്വർഗ്ഗം, നരകം, ഖബ്റിലെ അനുഭവങ്ങൾ ആദിയായി ബാഹ്യേന്ദ്രിയങ്ങൾ വഴിയോ, ആന്തരേന്ദ്രിയങ്ങൾവഴിയോ, അല്ലെങ്കിൽ ബുദ്ധികൊണ്ടോ സ്വയം കണ്ടെത്താൻ കഴിയാത്തതും, വേദഗ്രന്ഥങ്ങളുടെയും പ്രവാചകൻമാരുടെയും പ്രസ്താവനകൾ കൊണ്ട് മാത്രം അറിയുവാൻ കഴിയുന്നതുമായ കാര്യങ്ങളാകുന്നു... .... ‘ഗൈബി’നെ (അദൃശ്യകാര്യത്തെ) സാക്ഷാൽ

[3] എം.എം. അക്ബർ, അല്ലാഹുവിനെ അറിയുക, പേജ് 184

‘ഗൈബ്’ എന്നും, ആപേക്ഷികമായ ‘ഗൈബ്’ എന്നും രണ്ടായി ഭാഗിക്കാവുന്നതാണ്. അല്ലാഹുവിനല്ലാതെ മറ്റാർക്കും അറിയുവാൻ കഴിയാത്തതെല്ലാം സാക്ഷാൽ ‘ഗൈബാ’കുന്നു. ചിലർക്ക് അറിയുവാൻ കഴിയുന്നതും, മറ്റു ചിലർക്ക് അറിയുവാൻ കഴിയാത്തതുമായ കാര്യങ്ങൾ ആപേക്ഷികമായ ‘ഗൈബി’ലും പെടുന്നു. മലക്കുകൾക്ക് അവർ നിവസിക്കുന്ന ഉന്നത ലോകങ്ങളിലെ കാര്യങ്ങൾ പലതും അറിയുവാൻ കഴിയുമെങ്കിലും മനുഷ്യർക്ക് അതിന് കഴിവില്ലല്ലോ. മനുഷ്യരെ സംബന്ധിച്ച് ഇത് രണ്ടാമത്തെ ഇനത്തിൽപെട്ട ‘ഗൈബാണ്’. ബുദ്ധികൊണ്ട് ചിന്തിച്ചോ, ശാസ്ത്രീയ മാർഗ്ഗങ്ങൾ ഉപയോഗിച്ചോ, പരിചയം കൊണ്ടോ, ലക്ഷണം മുഖേനയോ സിദ്ധിക്കുന്ന അറിവുകളൊന്നും ‘ഗൈബി’ൽ ഉൾപ്പെടുകയില്ല. ഉദാഹരണമായി (1) കമ്പിയില്ലാ കമ്പി, റേഡിയോ, ശൂന്യാകാശ വാഹനം മുതലായ യന്ത്രസാമഗ്രികളുടെ സഹായത്തോടെ ലഭിക്കുന്ന അറിവുകൾ. (2) നക്ഷത്രങ്ങളുടെയും ഗ്രഹങ്ങളുടെയും ഗതിവേഗം, ഭ്രമണം, ഭൂഗർഭത്തിലെ താപനില മുതലായവയെക്കുറിച്ച് നിരീക്ഷണം ചെയ്തു ലഭിക്കുന്ന അറിവുകൾ. (3) ദീർഘകാല പരിചയം, മുഖലക്ഷണം, ശബ്ദ വ്യത്യാസം, ദീർഘദൃഷ്ടി, ബുദ്ധിസാമർത്ഥ്യം, സ്വപ്നസൂചന മുതലായവ വഴി ലഭിച്ചേക്കാവുന്ന അനുമാനങ്ങൾ. ഇവയൊന്നും ‘ഗൈബി’ൽ ഉൾപ്പെടുന്നില്ല. കവിഞ്ഞപക്ഷം ചില വ്യക്തികൾക്ക് മനസ്സിലാക്കുവാൻ കഴിയുന്നതും ചില വ്യക്തികൾക്ക് മനസ്സിലാക്കുവാൻ കഴിയാത്തതുമെന്ന നിലക്ക് ഭാഷാർത്ഥത്തിലുള്ള ആപേക്ഷികമായ ‘ഗൈബ്’ എന്ന് വേണമെങ്കിൽ അവയെപ്പറ്റി പറയാം. അത്രമാത്രം.”[4]

യഥാർത്ഥ ഗൈബ്, ആപേക്ഷിക ഗൈബ് എന്നിങ്ങനെ ഗൈബ് രണ്ട് തരമുണ്ടെന്ന വസ്തുതയാണ് ഇവിടെ ബോധ്യപ്പെടുന്നത്. അല്ലാഹുവിനു മാത്രമല്ലാതെ മറ്റു സൃഷ്ടികൾക്ക് കൂടെ അറിയുവാൻ കഴിയുന്നു എന്ന കാരണത്താൽ, അല്ലാഹുവിന്റെ സൃഷ്ടികളായ മലക്കുകളെ സംബന്ധിച്ചുള്ള ചില കാര്യങ്ങൾ ആപേക്ഷികമായ ഗൈബിലാണ് ഇസ്‌ലാഹി പണ്ഡിതർ പരിചയപ്പെടുത്തിയത്. മനുഷ്യനെ സംബന്ധിച്ച് അവരെകുറിച്ചുള്ള അറിവ് അദൃശ്യമായതിനാൽ ചില ഇസ്‌ലാഹി പണ്ഡിതർ മലക്കുകളെ അഭൗതിക സൃഷ്ടികളായ ആത്മീയ ജീവികളായും പരിചയപ്പെടുത്തിയിട്ടുണ്ട്.[5] എന്നാൽ കാര്യകാരണബന്ധത്തിന് അതീതമായ, അഭൗതികമായ കഴിവുകളുള്ള ഒരു തരം അദൃശ്യസൃഷിടകളാണ് മലക്കുകൾ എന്ന രീതിയിലല്ല അവർ പ്രസ്തുത പദം പ്രയോഗിച്ചത്. അല്ലാഹുവിനെ കൂടാതെ മറ്റാർക്കും അഭൗതികമായി മനുഷ്യനെ സഹായിക്കാൻ കഴിയില്ല എന്നിരിക്കെ അങ്ങനെയുള്ള വിശ്വാസം അപകടം ക്ഷണിച്ചുവരുത്തും. മലക്കുകളാകട്ടെ അല്ലാഹുവിന്റെ അനുമതിയോടെ മനുഷ്യരെ സഹായിക്കുന്നവരാണ്. ഈ വിശ്വാസം ദൃഢമായി മനസ്സിലാക്കുവാൻ അമാനി മൗലവി(റഹി)യുടെ തന്നെ വിശദീകരണം ഉപകാരപ്പെടും: “ഓരോ തരത്തിലായി എല്ലായ്പോഴും മലക്കുകൾ മനുഷ്യനോടു ബന്ധപ്പെട്ടു വരുന്നുണ്ടെന്നു പല ഹദീസുകളിൽനിന്നും അറിയപ്പെട്ടതും, ചില ഖുർആൻ വചനങ്ങളിൽനിന്നു മനസ്സിലാക്കാവുന്നതുമാകുന്നു. അത്രയുമല്ല, ഈ ഭൗമികമായ കാര്യങ്ങളിൽതന്നെയും മലക്കുകൾ പല തരത്തിൽ ബന്ധപ്പെട്ടു കൊണ്ടിരിക്കുന്നുണ്ടെന്ന യാഥാർത്ഥ്യം അതു ഭൗതിക ദൃഷ്ടികൾക്കോ മനുഷ്യ ശാസ്ത്രങ്ങൾക്കോ അജ്ഞാതമാണെങ്കിലും ഖുർആനും ഹദീസും മുഖേന സ്ഥാപിത മായിട്ടുള്ളതാണ്. അല്ലാഹുവിലും, അദൃശ്യ കാര്യങ്ങളിലും വിശ്വാസമുള്ളവർക്കൊന്നും അതു നിഷേധിക്കേണ്ടുന്ന ഗതികേടും വരുകയില്ല… … ‘അല്ലാഹുവിന്റെ കൽപ്പന നിമിത്തം അവർ അവനെ കാക്കുന്നു’ എന്ന വാക്യത്തെ സംബന്ധിച്ച് ഇബ്നു അബ്ബാസ്(റ)ൽ നിന്നു ഇങ്ങനെ നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു: ‘അവർ അവനെ മുമ്പിലൂടെയും പിമ്പിലൂടെയും കാക്കുന്നു. എന്നാൽ, അല്ലാഹുവിന്റെ വിധി നിശ്ചയം വരുമ്പോൾ അവർ അവനിൽനിന്നു ഒഴിഞ്ഞുപോകും.’ മുജാഹിദ് (റ) പറഞ്ഞതായി ഇങ്ങിനെ നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു: ‘ഒരു അടിയാനും തന്നെ അവന്റെ ഉറക്കിലും, അവന്റെ ഉണർച്ചയിലും ജിന്ന്, മനുഷ്യൻ, പ്രാണികൾ എന്നിവയിൽ നിന്നു

---

[4] അമാനി മൗലവിയുടെ തഫ്സീർ, ഖുർആൻ 2: 3 സൂക്തത്തിന്റെ വ്യാഖ്യാനം

[5] അമാനി മൗലവിയുടെ തഫ്സീർ, ഖുർആൻ 26: 192-195 സൂക്തത്തിന്റെ വ്യാഖ്യാനം

അവനെ കാക്കുവാൻ ഏൽപിക്കപ്പെട്ട ഒരു മലക്കു ഇല്ലാത്തവനില്ല. അവയിൽപെട്ട വല്ലതും അവനെ ഉദ്ദേശിച്ചു വരുമ്പോൾ, അല്ലാഹു അനുവാദം നൽകിയതൊഴിച്ചു ബാക്കി എല്ലാറ്റിനോടും ആ മലക്ക് 'പിന്നോക്കം പോകുക' എന്നു പറയാതിരിക്കുകയില്ല.' അലി(റ) പറഞ്ഞതായി ഇങ്ങിനെയും രിവായത്തു വന്നിരിക്കുന്നു. 'ഒരു അടിയാന്റെ കൂടെയും തന്നെ, അവന്റെ മേൽ വല്ല മതിലും വീഴുകയോ, അവൻ കിണറ്റിൽ വീഴുകയോ, അവനെ ദുഷ്ടമൃഗം പിടിക്കുകയോ, അവൻ മുങ്ങിപ്പോകുകയോ, കരിഞ്ഞുപോകുകയോ ചെയ്യുന്നതിൽ നിന്ന് കാത്തുകൊണ്ടിരിക്കുന്ന മലക്കുകൾ ഇല്ലാതെയില്ല. (അല്ലാഹുവിന്റെ) വിധി വരുമ്പോൾ അവന്റെയും വിധിയുടെയുമിടയിൽ അവർ ഒഴിവാക്കിക്കൊടുക്കും. അഥവാ അതു അല്ലാഹു വിധിച്ചപ്പോലെ വരട്ടെ എന്നുവെച്ച് അവർ ഒഴിഞ്ഞു നിൽക്കുമെന്നു സാരം."[6]

അല്ലാഹുവിന്റെ കൽപനകളെ ധിക്കരിക്കാതെ അവനെ അനുസരിച്ചു മാത്രം ജീവിക്കുവാനുള്ള പ്രകൃതമാണ് മലക്കുകളുടേത്. സർവ്വലോക പരിപാലകനായ അല്ലാഹുവിന്റെ ഏതൊരു നിർദ്ദേശങ്ങളേയും കൃത്യമായി പാലിച്ചു കൊണ്ടിരിക്കുന്ന അവർ മനുഷ്യ-ജിന്നു വർഗത്തെ പോലെ പ്രവർത്തിപഥത്തിൽ സ്വാതന്ത്ര്യമുള്ളവരല്ല. എന്നാൽ അല്ലാഹുവിന്റെ സൃഷ്ടികളായ ജിന്നു വർഗ്ഗത്തിൽപെട്ട ജീവികൾ മനുഷ്യരെപ്പോലെ പ്രവർത്തന സ്വാതന്ത്ര്യമുള്ളവരാണ്. എങ്കിലും അവർ 'നമ്മുടെ ബാഹ്യദൃഷ്ടിക്ക് അതീതമായ ഒരു തരം അദൃശ്യ സൃഷ്ടികളാ'[7] യിരിക്കെ അവരെ കുറിച്ചുള്ള അറിവ് അല്ലാഹു അറിയിച്ചുതരുന്നതിൽ മാത്രം നിക്ഷിപ്തമാണ്. അക്കാര്യം അമാനി മൗലവി (റഹി) തന്നെ പറയുന്നത് കാണുക: "മലക്കുകളെപ്പോലെത്തന്നെ നമ്മുടെ ദൃഷ്ടിക്കു കാൺമാൻ കഴിയാത്ത ഒരു തരം ആത്മീയ ജീവികളത്രെ ജിന്നുവർഗം. മലക്കുകളുടെ ആവാസസ്ഥാനം ആകാശങ്ങളാകുന്നു. എന്നാൽ ജിന്നുകളാകട്ടെ ഭൂവാസികളാണ്. മനുഷ്യർ മണ്ണിനാലും, ജിന്നുകൾ അഗ്നിയാലും സൃഷ്ടിക്കപ്പെട്ടവരാണെന്നു ഖുർആൻ ഒന്നിലധികം സ്ഥലത്തു പ്രസ്താവിച്ചിരിക്കുന്നു. മലക്കുകൾ പ്രകാശത്താലാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്നു ഹദീസിലും വന്നിട്ടുണ്ട്. മലക്കുകളെ സംബന്ധിച്ചെന്നപോലെ ജിന്നുകളെക്കുറിച്ചും അല്ലാഹുവും അവന്റെ പ്രവാചകൻമാരും അറിയിച്ചു തന്നതല്ലാതെ കൂടുതൽ വിവരം നമുക്കു അറിയുവാൻ സാദ്ധ്യമല്ല. അല്ലാഹുവും റസൂലും പറഞ്ഞതു - അതു ദൃശ്യമാകട്ടെ, അദൃശ്യമാകട്ടെ - അപ്പടി സ്വീകരിക്കുകയും വിശ്വസിക്കുകയും ചെയ്യൽ നിർബന്ധവുമാണല്ലോ."[8]

മലക്കുകളെ പോലെതന്നെ അദൃശ്യജീവികളായ ജിന്നുകളുടെ അസ്ഥിത്വത്തെക്കുറിച്ചും അറിയാനുള്ള സ്രോതസ്സ് അല്ലാഹുവിന്റെ ദിവ്യസന്ദേശത്തിൽ മാത്രം പരിമിതമാണ്, മനുഷ്യനെ സംബന്ധിച്ചിടത്തോളം അവ (പ്രസ്തുത അറിവ്) അഭൗതികമാണ്. എന്നാൽ ജിന്നുകൾ അദൃശ്യജീവികളാണ് എന്ന കാരണത്താൽ അവർക്ക് അദൃശ്യജ്ഞാനമുണ്ട് എന്ന് ധരിക്കുന്നത് പ്രമാണവിരുദ്ധവും മത നിഷേധവുമാണ്. അതിന്റെ കാരണം വിശുദ്ധ ക്വുർആൻ ഇപ്രകാരം പറയുന്നുണ്ട്:

عَالِمُ الْغَيْبِ فَلا يُظْهِرُ عَلَى غَيْبِهِ أَحَداً * إِلاَّ مَنْ ارْتَضَى مِنْ رَسُولٍ فَإِنَّهُ يَسْلُكُ مِنْ بَيْنِ يَدَيْهِ وَمِنْ خَلْفِهِ رَصَداً

"അദൃശ്യത്തെ അറിയുന്നവനത്രെ (അവൻ). എന്നാൽ, തന്റെ അദൃശ്യകാര്യങ്ങളെപ്പറ്റി അവൻ ഒരാൾക്കും വെളിവാക്കിക്കൊടുക്കുന്നതല്ല. അവൻ തൃപ്തിപ്പെട്ട വല്ല ദൂതന്നുമല്ലാതെ. എന്നാൽ

[6] അമാനി മൗലവിയുടെ തഫ്സീർ, ക്വുർആൻ 13: 11 സൂക്തത്തിന്റെ വ്യാഖ്യാനം

[7] അമാനി മൗലവിയുടെ തഫ്സീർ, സൂറഃ ഹിജ്റിനു ശേഷമുള്ള ജിന്നും ശൈത്താനും വ്യാഖ്യാനകുറിപ്പ്

[8] അമാനി മൗലവിയുടെ തഫ്സീർ, സൂറഃ ജിന്ന്, ആമുഖം

അദ്ദേഹത്തിന്റെ (ദൂതന്റെ) മുന്നിലും പിന്നിലും അവൻ കാവൽക്കാരെ ഏർപെടുത്തുക തന്നെ ചെയ്യുന്നതാണ്."[9]

മേൽസൂക്തത്തിന്റെ വിശദീകരണമായികൊണ്ട് അമാനി മൗലവി (റഹി) എഴുതിയത് ഏറെ പഠനാർഹമാണ്. അതിപ്രകാരം: "ബുദ്ധികൊണ്ടോ, ബാഹ്യേന്ദ്രിയങ്ങൾ വഴിയോ അറിയുവാൻ കഴിയാത്തതും, കാര്യകാരണബന്ധങ്ങൾക്കതീതമായതുമായ കാര്യങ്ങൾക്കാണ് അദൃശ്യകാര്യം (الغيب) എന്നു പറയുന്നത്. ഊഹിച്ചോ, ഗണിച്ചോ, ലക്ഷണം മുഖേനയോ പരിചയത്തെ അടിസ്ഥാനമാക്കിയോ, യന്ത്രസാമഗ്രികൾ ഉപയോഗപ്പെടുത്തിയോ അറിഞ്ഞേക്കുന്ന കാര്യങ്ങളൊന്നും അദൃശ്യജ്ഞാനങ്ങളല്ലെന്നു ഇതിൽനിന്നു വ്യക്തമാണ്. അല്ലാഹു തൃപ്തിപ്പെട്ട റസൂലുകൾക്കു മാത്രമേ അദൃശ്യങ്ങളിൽപെട്ട വല്ല കാര്യങ്ങളും അവൻ അറിയിച്ചുകൊടുക്കുകയുള്ളുവെന്നു അല്ലാഹു വ്യക്തമാക്കിയിരിക്കുന്നു. റസൂലുകൾ എന്നു പറഞ്ഞതിൽ പ്രവാചകൻമാരായ ദൈവദൂതൻമാരും, അവർക്കു ദൈവിക സന്ദേശങ്ങൾ എത്തിച്ചുകൊടുക്കുന്ന മലക്കുകളും ഉൾപ്പെടുന്നു. അപ്പോൾ പ്രശ്നക്കാർ, ജോത്സ്യൻമാർ, പിശാചുക്കൾ, അവരുടെ സേവകൻമാർ, മന്ത്രവാദികൾ എന്നുവേണ്ട പണ്ഡിതൻമാരും ശാസ്ത്രജ്ഞൻമാരും, മഹാത്മാക്കളുമായ ആളുകളുമെല്ലാംതന്നെ അദൃശ്യകാര്യം അറിയാൻ കഴിയാത്തവരാണെന്നു സ്പഷ്ടം. നബിമാർക്കുപോലും അല്ലാഹു അറിയിച്ചുകൊടുത്തതു മാത്രമേ അറിയുവാൻ കഴിയുകയുള്ളുതാനും. അതെ, അല്ലാഹുവിൽനിന്നുള്ള വഹ്‌യുകൊണ്ടല്ലാതെ നബിമാർക്കും, നബിമാരിൽനിന്നു കേട്ടറിഞ്ഞല്ലാതെ മറ്റുള്ളവർക്കും അദൃശ്യവിവരം അറിയുവാൻ മാർഗമില്ല."[10]

വസ്തുതകൾ ഇങ്ങനെയായിരിക്കെ, അദൃശ്യജീവികളായ ജിന്നുകൾക്ക് അദൃശ്യജ്ഞാനം വകവെച്ചുകൊടുക്കുന്നത് മതഭ്രഷ്ടനാകുന്നതിലേക്ക് മനുഷ്യനെ എത്തിക്കുമെന്ന് സാരം. അതോടൊപ്പം അവരുടെ കഴിവുകൾ അഭൗതികമായി പരിചയപ്പെടുത്തുന്നത് തീരെ യുക്തി സഹമാവുകയുമില്ല. കാരണം, പ്രവാചകൻ(സ)യെ അല്ലാഹു നിയോഗിച്ചത് മനുഷ്യരിലേക്കും ജിന്നുകളിലേക്കും കൂടിയായിരുന്നു. മനുഷ്യ-ജിന്നു വർഗത്തിന്റെ സൃഷ്ടിപ്പിനെ കുറിച്ച് അല്ലാഹു പറഞ്ഞു:

وَمَا خَلَقْتُ الْجِنَّ وَالإِنسَ إِلاَّ لِيَعْبُدُونِ

"ജിന്നിനെയും, മനുഷ്യനെയും അവർ എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല."[11]

ജിന്നുകളെയും മനുഷ്യരെയും സൃഷ്ടിച്ചതിന്റെ ലക്ഷ്യം പ്രസ്താവിച്ച മേൽസൂക്തത്തിന് അമാനി മൗലവി(റഹി) നൽകിയ വിശദീകരണം എന്തുകൊണ്ടും ചിന്തനീയമാണ്. അദ്ദേഹം എഴുതി: "ഈ ലോകത്തു അല്ലാഹു കണക്കറ്റ വസ്തുക്കളെ സൃഷ്ടിച്ചിട്ടുണ്ട്. അതിൽ ജീവവസ്തുക്കളും അല്ലാത്തവയും ഉൾപ്പെടുന്നു. ഓരോന്നിന്റെ അസ്തിത്വത്തിനും, നിലനിൽപ്പിനും ആവശ്യമായ ചില പ്രകൃതിനിയമങ്ങളും അവൻതന്നെ വ്യവസ്ഥപ്പെടുത്തിയിരിക്കുന്നു. ജീവവർഗ്ഗങ്ങളിൽ ബുദ്ധിജീവികളായ രണ്ട് വർഗ്ഗമാണ് 'ജിന്ന്' എന്ന ഭൂതവർഗ്ഗവും, 'ഇൻസ്' എന്ന മനുഷ്യവർഗ്ഗവും. അവരും അവരുടേതായ ചില പ്രകൃതിനിയമങ്ങൾക്കു വിധേയർ തന്നെ. ആ നിയമങ്ങളെ അതിലംഘിക്കുവാൻ അവർക്കും സാധ്യമല്ല. പക്ഷേ, നല്ലതും ചീത്തയും തിരിച്ചറിയുവാനുള്ള വിശേഷബുദ്ധി(العقل)യും, വേണ്ടതു തിരഞ്ഞെടുക്കുവാനുള്ള ഇച്ഛാസ്വാതന്ത്ര്യ(الاختيار)വും അവരുടെ സവിശേഷതയാണ്. ബുദ്ധിയുടെ പോരായ്മയും, സ്വാതന്ത്ര്യത്തിൽവരുന്ന പാകപ്പിഴവുകളും പരിഹരിക്കുന്നതിനായി, നന്മയുടെ മാർഗ്ഗം

[9] ക്വുർആൻ 72:26-27

[10] അമാനി മൗലവിയുടെ തഫ്സീർ, ക്വുർആൻ 72:26-27 സൂക്തത്തിന്റെ വ്യാഖ്യാനം

[11] ക്വുർആൻ 51:56

ഇന്നതാണെന്നും, തിന്മയുടെ മാർഗ്ഗം ഇന്നതാണെന്നും പ്രവാചകൻമാർ മുഖേന അവർക്കു അല്ലാഹു വിവരിച്ചുകൊടുത്തിട്ടുമുണ്ട്. ഇക്കാരണത്താൽ, അല്ലാഹു നിശ്ചയിച്ച പ്രകൃതി നിയമങ്ങൾക്ക് ഇതരജീവികളെപ്പോലെതന്നെ വിധേയരാകുവാൻ നിർബന്ധിതരാണെന്നുള്ളതിനു പുറമെ, പ്രവാചകൻമാർ മുഖേനയുള്ള നിയമനിർദ്ദേശങ്ങൾക്കുകൂടി വിധേയരാകുവാൻ ജിന്നും മനുഷ്യനും ബാധ്യസ്ഥമായിത്തീരുന്നു."[12]

അല്ലാഹുവിൽ നിന്നുള്ള മാർഗദർശനം എത്തിച്ചുകൊടുക്കാൻ ചുമതലയേൽപിക്കപ്പെട്ട പ്രവാചകൻ(സ)യുടെ ദൗത്യം അഭൗതിക കഴിവുകളുള്ള ജിന്നുകളിലേക്കും ഭൗതിക കഴിവുകളുള്ള മനുഷ്യരിലേക്കുമാണ് എന്നത് അല്പം നർമം നിറഞ്ഞ വിചിത്രമായ വാദം തന്നെയാണ്. നബി(സ)യിൽ നിന്ന് ജിന്നുകൾ ഖുർആൻ കേട്ടതിനെ കുറിച്ച് സംസാരിക്കവെ അമാനി മൗലവി(റഹി) രേഖപ്പെടുത്തിയ അഭിപ്രായങ്ങൾ ഇത്തരം കൗതുകവാദങ്ങളുടെ മുനയൊടിക്കാൻ പര്യാപ്തമാണ്: "1) മനുഷ്യരിലേക്കു മാത്രമായിരുന്നില്ല നബി(സ) തിരുമേനിയുടെ ദൗത്യം. അഥവാ ജിന്നുകളിലേക്കും കൂടിയുണ്ടായിരുന്നു. ഈ വിഷയത്തിൽ മുസ്‌ലിംകൾക്കിടയിൽ പറയത്തക്ക ഭിന്നാഭിപ്രായം ഇല്ല. 2) അവർക്കു മനുഷ്യന്റെ സംസാരവും ഭാഷയും മനസ്സിലാക്കുവാൻ സാധിക്കും. അവർ ഖുർആൻ കേട്ടു മനസ്സിലാക്കിയല്ലോ. 3) അവരും മതശാസനകൾക്കു വിധേയരാണ്. അവർ സത്യവിശ്വാസം സ്വീകരിച്ചതിൽ നിന്നും, തുടർന്നുള്ള അവരുടെ പ്രസ്താവനകളിൽ നിന്നും ഇതു വ്യക്തമാകുന്നു. 4) അവരും ഒരു തരം സാമൂഹ്യ ജീവിതം നയിക്കുന്നവരും പരസ്പരം ഉപദേശം നൽകുക മുതലായ കൃത്യങ്ങൾ നടത്താറുള്ളവരുമാകുന്നു."[13]

മേൽവിവരിച്ച പ്രകാരം ജിന്നുകൾ മനുഷ്യന്റെ ഭാഷയും സംസാരവും മനസ്സിലാക്കാൻ കഴിയുന്നവരും, മതശാസനകൾക്ക് വിധേയരാവേണ്ടവരും, സാമൂഹിക ജീവിതം നയിക്കുന്നവരുമാണ് എന്നതിനെല്ലാം പുറമെ ജിന്നു വർഗത്തിൽ പെട്ട പിശാചുക്കൾ മനുഷ്യനെ ബാധിക്കുമെന്നും [14], ജോത്സ്യൻമാരുമായി കോഴി കുറുകുന്ന പോലെ കുറികി (മന്ത്രിച്ചു) സംഭാഷണം നടത്തുമെന്നും [15] അമാനി മൗലവി പ്രമാണങ്ങൾ ഉദ്ധരിച്ചു വ്യക്തമാക്കുന്നുണ്ട്. ഇത്തരം സൃഷ്ടിപ്രകൃതമുള്ള ജിന്നുകൾക്ക് മനുഷ്യരുമായുള്ള ബന്ധം അഭൗതികമെന്ന് വിശേഷിപ്പിക്കുന്നത് അബദ്ധജടിലമായ ഒരു പ്രസ്താവ്യമത്രെ. അല്ലാഹു നിശ്ചയിച്ച പരിധിക്കും പ്രകൃതിക്കും വഴങ്ങികൊണ്ട് മനുഷ്യനുമായുള്ള ബന്ധം അരക്കിട്ടുറപ്പിക്കുന്ന അവിശ്വാസികളായ ജിന്നുകളാണ് മനുഷ്യനെ നരകത്തിലേക്ക് നയിക്കുന്ന ഭൗമികമായ പ്രവർത്തനങ്ങളിൽ സദാസമയവും ഏർപ്പെട്ടുകൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ പരലോകത്ത് വെച്ച് ഇവരുടെ ചെയ്തികൾ വരുത്തിവെച്ച അപകടത്തെയോർത്ത് നരകാവകാശികളായ മനുഷ്യർ വിലപിക്കും എന്ന് പരിശുദ്ധ ഖുർആൻ ഉണർത്തുന്നുണ്ട്. ആ രംഗം അല്ലാഹു ഇങ്ങനെ അറിയിക്കുന്നു:

وَيَوْمَ يَحْشُرُهُمْ جَمِيعاً يَا مَعْشَرَ الْجِنِّ قَدْ اسْتَكْثَرْتُمْ مِنْ الإِنسِ وَقَالَ أَوْلِيَاؤُهُمْ مِنْ الإِنسِ رَبَّنَا اسْتَمْتَعَ بَعْضُنَا بِبَعْضٍ وَبَلَغْنَا أَجَلَنَا الَّذِي أَجَّلْتَ لَنَا قَالَ النَّارُ مَثْوَاكُمْ خَالِدِينَ فِيهَا إِلاَّ مَا شَاءَ اللَّهُ إِنَّ رَبَّكَ حَكِيمٌ عَلِيمٌ

"അവരെ മുഴുവനും അവൻ (റബ്ബ്) ഒരുമിച്ചു കൂട്ടുന്ന ദിവസം! (അന്ന് അല്ലാഹു പറയും:) 'ജിന്നിന്റെ സമൂഹമേ! തീർച്ചയായും നിങ്ങൾ മനുഷ്യരിൽനിന്നും (ആളുകളെ) അധികരിച്ചു പിഴപ്പിച്ചിരിക്കുന്നു.' മനുഷ്യരിൽനിന്നുള്ള അവരുടെ മിത്രങ്ങൾ പറയും: 'ഞങ്ങളുടെ റബ്ബേ, ഞങ്ങളിൽ ചിലർ ചിലരെ ഉപയോഗപ്പെടുത്തി; നീ ഞങ്ങൾക്കു നിശ്ചയിച്ചുവെച്ച അവധി ഞങ്ങൾ പ്രാപിക്കുകയും ചെയ്തു.' അവൻ പറയും: 'നരകം നിങ്ങളുടെ പാർപ്പിടമാകുന്നു: അതിൽ

---

[12] അമാനി മൗലവിയുടെ തഫ്സീർ, ഖുർആൻ 51: 56 സൂക്തത്തിന്റെ വ്യാഖ്യാനം

[13] അമാനി മൗലവിയുടെ തഫ്സീർ, ഖുർആൻ 72: 1-2 സൂക്തത്തിന്റെ വ്യാഖ്യാനം

[14] അമാനി മൗലവിയുടെ തഫ്സീർ, ഖുർആൻ 2: 275 സൂക്തത്തിന്റെ വ്യാഖ്യാനം

[15] അമാനി മൗലവി, ഇസ്‌ലാമിക ജീവിതം, പേജ് 430

(നിങ്ങൾ) നിത്യവാസികളായിക്കൊണ്ട് - അല്ലാഹു ഉദ്ദേശിച്ചതൊഴികെ.' നിശ്ചയമായും നിന്റെ റബ്ബ് അഗാധജ്ഞനും സർവ്വജ്ഞനുമാകുന്നു."[16]

ഇനി പ്രസ്തുത ആയത്തിന് അമാനി മൗലവി(റഹി) നൽകിയ വിശദീകരണം കൂടെ വായിക്കാം: "സൃഷ്ടികളെയെല്ലാം 'മഹ്ശറി'ൽ ഒരുമിച്ചു കൂട്ടിയശേഷം, ദുർമാർഗ്ഗത്തിൽ പരസ്പരം മിത്രബന്ധം പുലർത്തിപ്പോന്ന ജിന്നുകളെയും മനുഷ്യരെയും ആക്ഷേപിച്ച് അല്ലാഹു പറയുന്ന ചില വാക്കുകളും അവരുടെ മറുപടിയും അല്ലാഹു ഉദ്ധരിക്കുകയാണ്. മനുഷ്യരിൽ നിന്നു വളരെയധികം ആളുകളെ നിങ്ങളുടെ ദുരുപദേശങ്ങൾക്കു വിധേയരാക്കി നിങ്ങൾ വഴിപിഴപ്പിച്ചുവല്ലോ എന്നു അല്ലാഹു ജിന്നുകളോട് പറയുന്നു. അവരുടെ സഹകാരികളും അനുയായികളുമായി വർത്തിച്ചിരുന്ന മനുഷ്യരെ ഇതു വിഭ്രാന്തിയിലാക്കുമല്ലോ. അവർ ദയനീയ സ്വരത്തിൽ കുറ്റം സമ്മതിച്ചുകൊണ്ടു മറുപടി പറയും: റബ്ബേ, ഞങ്ങൾ അന്യോനം ഉപയോഗപ്പെടുത്തിയതു ശരിയാണ്. അങ്ങനെ, നീ ഞങ്ങൾക്കു നിശ്ചയിച്ചിരുന്ന ആയുഷ്ക്കാലം ഞങ്ങൾ കഴിച്ചുകൂട്ടി ഇതാ ഇവിടെ എത്തിച്ചേർന്നിരിക്കുന്നു. അഥവാ ഞങ്ങൾ ഇരുകൂട്ടരും അബദ്ധം പ്രവർത്തിച്ചുപോയി. ഞങ്ങൾക്കു പൊറുത്തു തരണേ എന്നു താൽപര്യം. ശരി, എനി, നിങ്ങൾ ഇരുകൂട്ടർക്കും താമസിക്കുവാനുള്ള പാർപ്പിടം നരകമാണു...... ഇതായിരിക്കും അല്ലാഹുവിന്റെ മറുപടി. ജിന്നു വർഗ്ഗക്കാരായ പിശാചുക്കൾ മനുഷ്യഹൃദയങ്ങളിൽ ദുർമന്ത്രവും, ദുഷ്പ്രേരണയും നടത്തുമെന്നും, ദുർമാർഗ്ഗങ്ങളും ദുർനടപ്പുകളും അവർക്കു അലങ്കാരമാക്കി കാണിച്ചുകൊണ്ടിരിക്കുമെന്നും, മനുഷ്യരെ വഴിതെറ്റിക്കൽ പിശാചിന്റെ സ്ഥിരം ജോലിയാണെന്നും അല്ലാഹു ആവർത്തിച്ചാവർത്തിച്ചറിയിക്കാറുള്ളതാണല്ലോ. മനുഷ്യരാകട്ടെ, അവരുടെ ദുരുപദേശങ്ങൾക്കും ഇംഗിതങ്ങൾക്കും വഴങ്ങിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അവരിൽ അദൃശ്യ ശക്തികളും, ദിവ്യത്വവും കൽപിച്ചുകൊണ്ടു അവരെ അനുസരിക്കുകയും, ആരാധിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഇതൊക്കെയാണ് ഞങ്ങൾ അന്യോന്യം ഉപയോഗപ്പെടുത്തി എന്നു പറഞ്ഞതിന്റെ സാരം.[17]

ജിന്നുകളുടെ കഴിവ് അഭൗതികമാണെങ്കിൽ അവരിൽപെട്ട പിശാചുക്കളുടെ ദുർമന്ത്രം മനുഷ്യഹൃദയങ്ങളിൽ സ്വാധീനം ചെലുത്തുന്നത് അഭൗതിക മാർഗത്തിലൂടെയാണ് എന്ന് നമ്മൾ വിശ്വസിക്കാൻ നിർബന്ധിതരാകും. മാത്രമല്ല, അവരുടെ ദുഷ്പ്രേരണക്ക് വഴങ്ങിക്കൊണ്ടിരിക്കുന്ന മനുഷ്യന്റെ വിശ്വാസവും തൽപ്രവർത്തനങ്ങളും അമാനി മൗലവി (റഹി) തന്നെ സൂചിപ്പിച്ച അദൃശ്യ ശക്തിയും, ദിവ്യത്വവും അവർക്ക് ഉണ്ടെന്ന് അംഗീകരിക്കലുമാകും. അതുകൊണ്ടുതന്നെ ഈ രൂപത്തിലുള്ള വിശ്വാസം പ്രചരിപ്പിക്കുന്ന മടവൂരിസം വിശ്വാസീസമൂഹത്തിനകത്ത് അപകടം ക്ഷണിച്ചുവരുത്തുകയാണ് എന്നത് തുറന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല.

ജിന്നും മനുഷ്യനും തമ്മിലുള്ള ഉപരിസൂചിത ഇസ്തിംതാഅ് അഥവാ പരസ്പരം ഉപയോഗപ്പെടുത്തൽ അല്പം കൂടി വിജ്ഞാനപ്രദമായി ഡോ. ഉസ്മാൻ സാഹിബ് സൽസബീലിന്റെ താളുകളിലൂടെ വിശദീകരിച്ചിട്ടുണ്ട്. അതുകൂടി ഇതോടൊപ്പം വായിക്കുന്നത് കൂടുതൽ ഉപകാരപ്രദമായിരിക്കും. അദ്ദേഹം എഴുതി: "ജിന്നുകളിൽനിന്നുള്ള പിശാചുക്കൾ മനുഷ്യരെ വഴിതെറ്റിക്കുവാൻ നടത്തുന്ന ഭഗീരഥ ശ്രമങ്ങൾ വളരെ അധികം മനുഷ്യരെ വഴിപിഴപ്പിക്കുന്നതിൽ വിജയിക്കുമെന്ന് ചൂണ്ടിക്കാണിക്കുന്നു. 'ലോക ജീവിതത്തിന്റെ ലഹരിയിൽപ്പെട്ട് തമ്മതമ്മിൽ ആസ്വദിച്ചുകൊണ്ടും ഉപയോഗപ്പെടുത്തിക്കൊണ്ടും അവർ പരലോക ജീവിതത്തെ മറന്നുകൊണ്ട്, പ്രവാചകൻമാരുടെ മുന്നറിയിപ്പുകൾ മറന്നുകൊണ്ട് അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ അവഗണിച്ചുംകൊണ്ട്, ജീവിച്ചതിന്റെ ഫലമായി പരലോക ജീവിതത്തിൽ അറ്റമില്ലാത്ത ഖേദത്തിൽ അകപ്പെടുന്നതാണ്. എന്നാൽ ഇവിടെ തമ്മതമ്മിൽ ഉപയോഗപ്പെടുത്തുക അല്ലെങ്കിൽ ആസ്വദിക്കുക എന്ന് പറഞ്ഞതിന്റെ ഉദ്ദേശമെന്താണ്? ഈ 'ഇസ്തിംതാഅ്' പലവിധത്തിലുമുണ്ട്. പിശാചിന്റെ മിത്രങ്ങളുടെ ('ഔല്യാവുശൈതാൻ')

---

[16] ക്വുർആൻ 6:128

[17] അമാനി മൗലവിയുടെ തഫ്സീർ, ക്വുർആൻ 6: 128 സൂക്തത്തിന്റെ വ്യാഖ്യാനം

നിലവാരമനുസരിച്ചാണ് ഈ പരസ്പര ബന്ധത്തിന്റെ നിലവാരവും. സാധാരണ നിലക്ക് പൈശാചിക പ്രേരണക്ക് വശംവദരായി കളവ്, വ്യഭിചാരം, ചൂത്കളി, മദ്യപാനം മുതലായ പാപങ്ങളിൽ വ്യാപൃതരാകുന്ന പിശാചിന്റെ താഴെ കിടയിലുള്ള മിത്രങ്ങൾക്ക് കിട്ടുന്ന ആസ്വാദനവും ഉപകാരവും ആ പാപങ്ങളിൽനിന്നും കിട്ടുന്ന ആസ്വാദനങ്ങളിലും ഉപകാരങ്ങളിലും പരിമിതമാണ്. ഒരു മുച്ചീട്ടുകളിക്കാരന് അല്ലെങ്കിൽ ഒരു മദ്യപാനിക്ക്, അല്ലെങ്കിൽ ഒരു സ്ഥിരം കള്ളന്, അവന്റെ പിശാചിന്റെ പ്രേരണക്ക് വിധേയനായി അവൻ പ്രവർത്തിക്കുമ്പോൾ, പിശാച് അതാസ്വദിക്കുന്നു, അവനും ആസ്വദിക്കുന്നു. അവന്ന് ആ പാപത്തിൽനിന്ന് പിന്തിരിയാൻ സാധിക്കാത്തവണ്ണം പിശാച് അവനെ പ്രേരിപ്പിച്ചും കൊണ്ടിരിക്കുന്നു. ആ പ്രേരണ ചെലുത്തുന്നതിൽ പിശാചിന് ആസ്വാദനമുണ്ട്. അതിൽ അവൻ വിജയിക്കുമ്പോൾ മനുഷ്യന്നും ഒരു പൈശാചികാസ്വാദനം ലഭിക്കുന്നു. മുച്ചീട്ടു കളിക്കാരന്റെ 'വാപ്പ മരിച്ചിരിക്കുന്നു' എന്ന വാർത്ത ലഭിച്ചാൽപോലും കളിയിൽ നിന്ന് വിരമിക്കാൻ സാധ്യമാകാത്തവിധം പിശാച് അവനെ ബന്ധിതനാക്കുന്നു! 'കളവ്' ശീലിച്ച മനുഷ്യൻ പിശാചിന്റെ പ്രേരണക്ക് വശംവദനായി അത് ചെയ്യുമ്പോൾ അവനും അവന്റെ പിശാചും ആസ്വദിക്കുന്നു! വ്യഭിചാരം ശീലിച്ച മനുഷ്യനും അവന്റെ പിശാചും അങ്ങനെത്തന്നെ. പക്ഷെ ഈ കാര്യങ്ങളിലെല്ലാമുള്ള പരസ്പര ആസ്വാദനം ആ പ്രവർത്തനങ്ങളിൽ മാത്രം പരിമിതമാണ്. 'പിശാചിന്റെ ഇത്തരം മിത്ര'ങ്ങൾക്ക് പിശാചിന്റെ പ്രത്യേക സഹായങ്ങളൊന്നും ലഭിക്കുന്നില്ല. അവർക്ക് 'കറാമത്തു'കളൊന്നും കാണുകയില്ല. പക്ഷെ പിശാചിന്റെ ഉയർന്ന തരം മിത്രങ്ങളുണ്ട്. ആരാധനയുടെ കാര്യത്തിൽ പിശാചിന്റെ പ്രേരണകൾ സ്വീകരിക്കുകയും അതിൽ മുന്നോട്ട് പോകുകയും പിശാചിനെത്തന്നെ ആരാധിക്കുന്ന നിലയിലെത്തുകയും ചെയ്തിട്ടുള്ള ഇത്തരം 'ഔലിയാക്കൾ'ക്ക് ചിലപ്പോൾ പിശാചിന്റെ 'കറാമത്തു'കളും ഉണ്ടായേക്കും! ഇത്തരം പൈശാചിക സഹായങ്ങൾ ദൈവീകമാണെന്ന് അവരും ജനങ്ങളും തെറ്റിദ്ധരിക്കുകയും ചെയ്തേക്കും! ബിദ്അത്തിന്റെ ആളുകൾക്കും, ത്വരീഖത്ത്കാർക്കും അല്ലാഹുവും റസൂലും ശറഅ് ആക്കാത്ത നിലയിലുള്ള ആരാധനകളിലും മറ്റും വ്യാപൃതരാകുന്നവർക്കും, പിശാചിന്റെ ഭാഗത്ത്നിന്നുള്ള ഇത്തരം 'കറാമത്തുകൾ' ചിലപ്പോൾ ഉണ്ടാകാറുണ്ട്! ബിംബാരാധകർക്കും, അദ്വൈത സന്യാസികൾക്കും, വഹ്ദത്തുൽ വുജൂദിന്റെ സൂഫികൾക്കും എല്ലാം ജിന്നിൽനിന്നുള്ള, ശൈതാനിൽനിന്നുള്ള 'ഉപകാരങ്ങൾ' അവരുടെ ശൈതാനുമായുള്ള മിത്രതയുടെ തോതനുസരിച്ച് ലഭിച്ചേക്കും! മൂർത്തികളേയും ചാത്തൻമാരെയും ചേക്കുട്ടി പ്പാപ്പായേയും എല്ലാം പൂജിക്കുന്ന താഴേ കിടയിലുള്ളവർക്ക് ചെറിയ തോതിലുള്ള ഉപകാരങ്ങളും ലഭിച്ചേക്കും.! പരിശുദ്ധ ഖുർആൻ ഈ വിഷയത്തിലേക്ക് ചില സൂചനകൾ മാത്രമാണ് നൽക്കുന്നത്. ഒരു പക്ഷെ ജിന്നിൽ നിന്നുള്ള പിശാചിനെ ആരാധിക്കുന്നവർക്ക് കിട്ടിയേക്കാവുന്ന 'ഉപകാരങ്ങളെ'പ്പറ്റി കൂടുതൽ പ്രതിപാദിക്കുന്നത് മൂലം ലൗകിക ജീവിതത്തെ കൂടുതൽ ഇഷ്ടപ്പെടുന്ന ഭൂരിപക്ഷം മനുഷ്യരും ആ ഉപകാരങ്ങൾ കിട്ടാൻവേണ്ടി പിശാചിനെ ആരാധിക്കുന്നതിൽ വ്യാപൃതരാകുമെന്ന കാരണം കൊണ്ടായിരിക്കാം, പരിശുദ്ധ ഖുർആൻ ഈ വിഷയത്തിൽ സൂചനകൾമാത്രം നൽകി അധികം വിവരങ്ങൾ നൽകാതിരുന്നത്!''[18]

ജിന്ന് വർഗത്തിൽപെട്ട പിശാചുക്കൾക്ക് മേൽവിവരിച്ച രൂപത്തിലുള്ള കഴിവുകൾ ഉണ്ട് എന്ന് വിശ്വസിക്കുന്നതാകട്ടെ അല്ലാഹുവിന് മാത്രം അധീനതയിൽപെട്ട ഗൈബ് ജിന്നുപിശാചുക്കൾക്കു വകവെച്ചുകൊടുക്കുകയാണ് എന്ന ആരോപണത്തിന് പ്രാമുഖ്യം നൽകലല്ലെ എന്ന ആശങ്കക്കും ഇവിടെ വകയില്ല. ഹദീഥ് നിഷേധത്തിലേക്കുള്ള ഇത്തരം വാതിലുകളും ഇസ്‌ലാഹീ പണ്ഡിതർ പ്രമാണ പിൻബലത്തോടെ അടച്ചതാണ്. അമാനി മൗലവി(റഹി) തന്നെ അക്കാര്യം പറയട്ടെ: ''ജിന്ന്, അഥവാ ഭൂതവർഗമാകട്ടെ, മനുഷ്യരേക്കാൾ രൂക്ഷവും ഗതാഗത വേഗതയുള്ളതുമാണ്. അങ്ങനെ സാധാരണ മനുഷ്യർക്ക് കഴിയാത്ത പലതും അതിനു കഴിയുന്നു. ''നിങ്ങൾ അങ്ങോട്ടു കാണാത്ത വിധത്തിൽ അവർ നിങ്ങളെ കാണുന്നു''വെന്ന് ഖുർആൻ (സൂറഃ അഅ്റാഫിൽ) പറയുന്നുണ്ട്. രക്തസഞ്ചാരമുള്ളേടത്തെല്ലാം പിശാച് സഞ്ചരിക്കുമെന്ന് ഒരു നബിവാക്യത്തിൽ നാം കണ്ടുകഴിഞ്ഞല്ലോ. മനുഷ്യനെ വഴിപിഴപ്പിക്കാൻ നാനാവിധത്തിൽ പിശാച് ശ്രമിക്കുമെന്നും

[18] ഡോ. ഉസ്മാൻ സാഹിബ്, 1994 മാർച്ച് സൽസബീൽ, പേജ് 12-14

ഖുർആൻ പറഞ്ഞിട്ടുള്ളതാണ്. ആകയാൽ, ഏതെങ്കിലും ഒരു പിശാചിനെ പ്രത്യേകം സേവിച്ചില്ലെങ്കിൽ കൂടി, മറഞ്ഞകാര്യം, ഗണിച്ചും പ്രശ്നം നോക്കിയും പറയുന്ന കാര്യത്തിൽ, പൈശാചിക സഹായം കിട്ടും. തൻമൂലം മറ്റുള്ളവർക്കറിയാൻ പ്രയാസമുള്ള പല അറിവും ഇത്തരം ജോലിയിലേർപ്പെട്ടവർക്കു ലഭിക്കുകയും ചെയ്യും. ഇതിൽ യാതൊരസാംഗത്യവും ഇല്ല തന്നെ. പിശാചിനെ പ്രത്യേകം പൂജയും മറ്റു കർമ്മങ്ങളും നടത്തി സേവിക്കുന്നവർക്ക് അവന്റെ സേവ ലഭിക്കുന്നതിലും അസാംഗത്യമില്ല. എന്നാൽ ഇത്തരക്കാർ പറയുന്നത് തെറ്റോ ശരിയോ എന്നതല്ല പ്രശ്നം. അവരുടെയടുക്കൽ പോകാമോ, അവർ പറയുന്നത് വിശ്വസിക്കാമോ, അവരെക്കൊണ്ട് വല്ലതും ചെയ്യിക്കാമോ എന്നതാണ്. ഇതെല്ലാം ഇസ്‌ലാം കർശനമായി വിരോധിച്ചിരിക്കുന്നു. നിഷിദ്ധമായ വസ്തുക്കളുപയോഗിച്ച് ചികിത്സിക്കുന്നത് വിരോധിച്ച പോലെത്തന്നെ, അതുകൊണ്ട് സുഖം കിട്ടുന്നുണ്ടോ ഇല്ലേ എന്നല്ല നോക്കേണ്ടത്. ഇസ്‌ലാമിക ശരീഅത്ത് അത് വിരോധിച്ചിട്ടുണ്ടോ അതോ അനുവദിച്ചിട്ടുണ്ടോ എന്നാണ്. മറഞ്ഞ കാര്യം അല്ലാഹുവിനു മാത്രമേ അറിയൂ എന്ന വിശ്വാസത്തോട്, പിശാച് മുഖേന അവന്റെ സേവകർക്ക് ലഭിക്കുന്ന അറിവിനെക്കുറിച്ചുള്ള ഈ ധാരണ എതിരാകുന്നില്ല. പിശാചിനെത്തന്നെ നിഷേധിക്കുന്ന ചിലർ അങ്ങനെയും വാദിച്ചേക്കാം. മറഞ്ഞ കാര്യം അല്ലാഹുവിനേ അറിയൂ എന്നു പറയുന്നതിന്റെ ഉദ്ദേശ്യം, ഏതു കാര്യവും കാല-ദേശമോ, ഏതു തരത്തിലുമുള്ള വകഭേദമോ ഇല്ലാതെ ശരിക്കും കൃത്യമായും അണുഅളവ് പിഴക്കാതെയും ദൃഢമായി അറിയുക അല്ലാഹു മാത്രമാണ് എന്നാണ്. വല്ലതും അവൻ അറിയിച്ചുകൊടുത്താൽ അത് സൃഷ്ടികൾക്കും അറിയും. മാത്രമല്ല, പൈശാചികമായി ലഭിക്കുന്ന അനുമാനങ്ങളിൽ പലതും നുണയായിരിക്കും. പലതും ആളുകൾക്കിടയിൽ വിദ്വേഷം ജനിപ്പിക്കാൻ വേണ്ടി കൽപിച്ചുണ്ടാക്കിയതായിരിക്കു കയും ചെയ്യും. ചിലതൊക്കെ ശരിയുമാകാം.''[19]

ജിന്ന് കാര്യകാരണ ബന്ധങ്ങൾക്കപ്പുറമുള്ള ഒരു അഭൗതിക സൃഷ്ടിയാണ് എന്ന രൂപത്തിൽ ഇസ്‌ലാഹീ പണ്ഡിതർ മനസ്സിലാക്കിയിട്ടില്ല എന്നത് മുകളിലെ ഏതാനും വിശദീകരണങ്ങൾ അറിയിക്കുന്നുണ്ട്. ജിന്ന് അഭൗതികവും കാര്യകാരണബന്ധങ്ങൾക്കപ്പുറവുമായിരുന്നു എങ്കിൽ പിശാചുമായി ബന്ധപ്പെടുത്തി ഇസ്‌ലാം പഠിപ്പിച്ച ഒട്ടുമിക്ക സംഗതികളും ശിർക്കായി പരിഗണിക്കേണ്ടി വരും. കാരണം, അത് കുഞ്ഞീതു മദനി(റഹി) പറയട്ടെ: ''ഇബാദത്ത് എന്നത് വിപുലാർത്ഥമുള്ള ഒരു സങ്കേതിത പദമാണ്. അഭൗതികമായ മാർഗത്തിൽ അഥവാ കാര്യകാരണ ബന്ധങ്ങൾക്കതീതമായി ഗുണവും ദോഷവും വരുത്താൻ ഒരു വ്യക്തിക്ക് കഴിവുണ്ട് എന്ന വിശ്വാസമാണ് ഇബാദത്തിന്റെ ഉറവിടം. ആ വിധത്തിലുള്ള ഒരു കഴിവ് ഒരു വ്യക്തിക്കോ ശക്തിക്കോ ഉണ്ടെന്ന് വിശ്വസിച്ചു കൊണ്ട് അവന്റെ അല്ലെങ്കിൽ അതിന്റെ മുമ്പിലർപ്പിക്കപ്പെടുന്ന താഴ്മ, വിനയം, വിധേയത്വം, സ്നേഹം, ഭയം, ഭരമേൽപ്പനം, ധനവ്യയം, അന്നപാനാദികളുപേക്ഷി ക്കൽ, അവയവങ്ങളുടെ ചലനം, നേർച്ച, വഴിപാട് തുടങ്ങിയ സർവ്വ കാര്യങ്ങളും ആരാധനയുടെ വകുപ്പിലുൾപ്പെടുന്നു.''[20]

ഈ സംഗതിയുടെ അതിർവരമ്പുകൾ കൃത്യമായി മനസ്സിലാക്കാത്തതുകൊണ്ട് ശിർക്കിലേക്കും കുഫ്റിലേക്കും പോയവർ ഏറെയാണ്, വർത്തമാനകാലത്ത് ശിർക്കാരോപണത്തിലേക്കും. വാസ്തവത്തിൽ, അല്ലാഹുവിന്റെ സൃഷ്ടികളായ ജിന്നു വർഗ്ഗത്തിൽപെട്ടവർ തുടക്കത്തിൽ അമാനി മൗലവി സൂചിപ്പിച്ച ആപേക്ഷിക ഗൈബിലാണ് ഉൾപ്പെടുക. അക്കാര്യം ഡോ. ഉസ്മാൻ സാഹിബ് (റഹി) വളരെ സരളമായി ഇങ്ങനെ പഠിപ്പിക്കുന്നുണ്ട്: ''ദൃശ്യലോകത്തു തന്നെ നടക്കുന്ന കാര്യങ്ങൾ അധികവും മനുഷ്യനെ സംബന്ധിച്ചിടത്തോളം മറഞ്ഞുകിടക്കുന്നു. അത്തരം മറഞ്ഞ കാര്യങ്ങൾ ചിലപ്പോൾ ശാസ്ത്രോപാധികൾ കൊണ്ട് കണ്ടുപിടിക്കുവാൻ സാധിക്കുന്നു. പരമാണുവും ബാക്ടീരിയായും വൈറസും മറ്റും മൈക്രോസ്കോപ്പിന്റേയും, എലക്ട്രേണിക് മൈക്രേസ്കോപ്പിന്റേയും സഹായം കൊണ്ട് ദൃശ്യമാകുന്നതിനു മുമ്പ് മനുഷ്യനെ സംബന്ധിച്ചിടത്തോളം ഗൈബ് ആയിരിക്കും. അതുപോലെത്തന്നെ ഒരു മുറിയുടെ അകത്തു നടക്കുന്ന കാര്യങ്ങൾ പുറത്തിരിക്കുന്നവനും ഗൈബ് ആയിരിക്കും. ഈ നിലക്ക് ദൃശ്യലോകത്തു തന്നെ ഒരുത്തനു ഗൈബ് ആയത് മറ്റൊരുവന് അറിയുന്നതായിരിക്കും. ഇരുട്ടിൽ

[19] അമാനി മൗലവി, ഇസ്‌ലാമിക ജീവിതം, പേജ് 429

[20] കുഞ്ഞീതു മദനി, ഇസ്‌ലാമിന്റെ ജീവൻ, പേജ്: 12

മനുഷ്യന് കാണാത്തത് പൂച്ചക്ക് കാണാൻ സാധിച്ചേക്കും. ജിന്നിനു കാണുന്നത് മനുഷ്യന് കണ്ടില്ലെന്നു വരാം. ഇതൊന്നും സാക്ഷാൽ ഗൈബ് അല്ല. മതത്തിന്റെ അടിസ്ഥാനമായ ഗൈബിലുള്ള വിശ്വാസം എന്നു പറയുമ്പോൾ നാം ഉദ്ദേശിക്കുന്നത് ദൃശ്യലോകത്തു തന്നെയുള്ള ഈ ആപേക്ഷികമായ ഗൈബിനെയല്ല. ദൃശ്യപ്രപഞ്ചത്തിന്റെ പിന്നിൽ മനുഷ്യന് ഒരു വിധത്തിലും കാണാൻ കഴിയാത്ത നിലയിൽ മറഞ്ഞിരിക്കുന്ന പ്രപഞ്ചത്തിന്റെ പ്രവർത്തനത്തിന്റെ പിന്നിലുള്ള രഹസ്യമായ ഗൈബ് ആണ് ഇവിടെ ഉദ്ദേശിക്കപ്പെടുന്നത്."[21]

ജിന്ന് അഭൗതിക കഴിവുള്ള സൃഷ്ടിയാണ് എന്ന് തത്വത്തിൽ വിശ്വസിക്കുന്നവരെ സംബന്ധിച്ചിടത്തോളം പിശാചിന്റെ ശാരീരികമായ ഉപദ്രവങ്ങളും മറ്റും കാര്യകാരണ ബന്ധങ്ങൾക്കതീതമാണെന്ന് പറയേണ്ടി വരും എന്ന് സൂചിപ്പിച്ചുവല്ലോ. പ്രസ്തുത വിശ്വാസം ആ മനുഷ്യനെ മുവഹ്ഹിദുകളായ അല്ലാഹുവിന്റെ ദാസൻമാരുടെ മേൽ ശിർക്ക് ആരോപിക്കുന്നതിലേക്ക് എത്തിക്കും എന്നതിൽ സംശയമില്ല. എന്നാൽ ഇസ്‌ലാഹീ പണ്ഡിതർക്ക് തീർത്തും പരിചിതമല്ലാത്ത വീക്ഷണമാണ് ഈ ആരോപണാത്മക അഭൗതിക വാദം. അതിന്റെ ഏറ്റവും പ്രകടമായ ഉദാഹരണമാണ് സിഹ്റും അനുബന്ധമായ പിശാചിന്റെ പ്രവർത്തനങ്ങളും. സിഹ്റിനെ കുറിച്ച് അമാനി മൗലവി പറഞ്ഞു: "ആഭിചാരം, ക്ഷുദ്രം, ഇന്ദ്രജാലം, ചെപ്പിടിവിദ്യ, മായതന്ത്രം, വശീകരണം, ജാലവിദ്യ, കൺകെട്ട്, മാരണം എന്നീ അർത്ഥങ്ങളിലെല്ലാം മൊത്തത്തിൽ ഉപയോഗിക്കുന്ന വാക്കാണ് സിഹ്ർ. കാര്യകാരണബന്ധം മനസ്സിലാക്കുവാൻ പ്രയാസമായ എല്ലാ ഉപായ കൃത്യങ്ങൾക്കും സിഹ്ർ എന്ന് പറയാം."[22]

സിഹ്റിന്റെ കാര്യകാരണബന്ധം മനസ്സിലാക്കുവാൻ പ്രയാസമാണെങ്കിലും പ്രസ്തുത കൃത്യം അല്ലാഹു നിശ്ചയിച്ച ഭൗതിക പ്രതിഭാസങ്ങളുടെ അകത്തു തന്നെയുള്ളതാണ് എന്ന് സുവ്യക്തം. അതുകൊണ്ടാണ് സിഹ്റിലൂടെ ദമ്പതിമാർക്കിടയിൽ ഭിന്നിപ്പുണ്ടാക്കുന്ന കാര്യത്തെ കുറിച്ച് വിശദീകരിക്കവെ അമാനി മൗലവി ഇപ്രകാരം അഭിപ്രായപ്പെട്ടത്: "ഇവിടെ പ്രത്യേകം മനസ്സിരുത്തേണ്ടുന്ന ഒരു സംഗതിയുണ്ട്: 'ഭാര്യഭർത്താക്കൾക്കിടയിൽ ഭിന്നിപ്പുണ്ടാക്കുന്ന കാര്യം' എന്ന് മൊത്തത്തിലങ്ങ് പറഞ്ഞതല്ലാതെ, അക്കാര്യം പ്രാവർത്തികമാകുന്നത് എങ്ങിനെയാണെന്ന് അല്ലാഹു വിവരിച്ചിട്ടില്ല. അത് വിവരിക്കലല്ല ഇവിടെ ഉദ്ദേശ്യവും. അങ്ങിനെ ചില ദുഷ്പ്രവർത്തികളൊക്കെയുണ്ട്. അവ അവിശ്വാസത്തിൽ പെട്ടതാണ്; പക്ഷേ, അവമൂലം ഉപദ്രവകരങ്ങളായ അനുഭവങ്ങൾ വല്ലതും ഉണ്ടായേക്കാം; എന്നാലത് തൽ കർത്താക്കൾക്ക് അദൃശ്യമോ അമാനുഷികമോ ആയ വല്ല കഴിവുകളും ഉള്ളതുകൊണ്ടൊന്നുമല്ല; അല്ലാഹു നിശ്ചയിച്ചതും മനുഷ്യർക്ക് കണ്ടുപിടിക്കുവാൻ സാധിക്കാത്തതുമായ ചില രഹസ്യങ്ങൾ നിലവിലുണ്ട്; അതകൊണ്ട് അത്തരം വിഷയങ്ങൾ കണ്ട് മനുഷ്യർ വഞ്ചിതരാവരുത്."[23]

പൈശാചിക സഹായങ്ങൾകൊണ്ടോ, അല്ലെങ്കിൽ മനുഷ്യന് കാര്യകാരണബന്ധം മനസ്സിലാക്കാൻ കഴിയാത്ത ഭൗതികമായ വിഷയങ്ങളിലോ വഞ്ചിതരാവേണ്ടതില്ല എന്ന് ഇസ്‌ലാഹീ പണ്ഡിതർ മുമ്പേ പഠിപ്പിച്ചത്, ഇത്തരം ദുഷ്പ്രവൃത്തികളിൽ കൂപ്പ്കുത്തി വീഴാതിരിക്കുവാൻ വേണ്ടിയാണ്. എന്നാൽ, പ്രമാണങ്ങളിൽ സ്ഥിരപ്പെട്ടുവന്ന ഇത്തരം കാര്യങ്ങളെ കണ്ണടച്ചെതിർക്കുകയും, ജിന്നു-പിശാച് വർഗത്തിന് അവരർഹിക്കാത്ത അഭൗതികത വകവെച്ചുകൊടുക്കുകയും ചെയ്യുന്നത് പ്രമാണങ്ങളിൽ നിന്നുള്ള തിരിച്ചുപോക്കാണ്, മടവൂരിസത്തോടുള്ള മുഹബ്ബത്തുമാണ്. മന്ത്രവാദികളെയും ജോത്സ്യന്മാരെയും പിശാച് സഹായിക്കുമെന്ന വിശ്വാസം അല്ലാഹു അല്ലാത്തവർക്ക് അദൃശ്യമറിയും എന്ന് വകവെച്ചുകൊടുക്കലാണെന്നും, സിഹ്റു മുഖാന്തരം മനുഷ്യർക്ക് ഉപദ്രവം വരുത്താൻ പിശാചിന് കഴിയുമെന്ന വിശ്വാസം ശിർക്കാണെന്നുമെല്ലാം മടവൂരിസത്തിൽ നിന്നും, വിശിഷ്യാ സലാം സുല്ലമിയിൽ നിന്നും ഇസ്‌ലാഹീ കേരളം കേട്ടത് ഞെട്ടലോടെയാണ്. ഇക്കാര്യം പ്രചരിപ്പിക്കുവാൻ വേണ്ടി മാത്രം ശബാബിലെ എത്രയോ പേജുകൾ നെല്ലായും പതിരായും അവർ നീക്കിവെച്ചു. എന്നാൽ അതിനെല്ലാം പ്രാമാണികമായി മറുപടി പറഞ്ഞ, നമ്മുടെ സ്വന്തം

---

[21] ഡോ. എം. ഉസ്മാൻ, ഗയ്ബ്, പേജ് 8,9

[22] അമാനി മൗലവിയുടെ തഫ്സീർ, ഖുർആൻ 2: 102 സൂക്തത്തിന്റെ വ്യാഖ്യാനം

[23] അമാനി മൗലവിയുടെ തഫ്സീർ, ഖുർആൻ 2: 102 സൂക്തത്തിന്റെ വ്യാഖ്യാനം

എന്ന് അഭിമാനിച്ചിരുന്ന വിചിന്തനമാണ്, അതിന്റെ പേര് പോലും അന്വർത്ഥമാക്കാതെ പൂർവ്വകാല ഇസ്‌ലാഹി പണ്ഡിതരുടെ തൗഹീദിനെയും വിശ്വാസത്തെയും അവമതിച്ചുകൊണ്ട് മടവൂരിസം ഇറക്കുമതി ചെയ്ത പുതിയ തൗഹീദിന്റെ ആലയത്തിലേക്ക് എത്തിച്ചേരാൻ ധൃതികൂട്ടുന്നത്. ഈ വിരോധാഭാസത്തിന്റെയെല്ലാം ഉൾകഴമ്പ് കിടക്കുന്നത് ഗൈബ് ശരിയായ നിലക്ക് തിരിയാത്തതും, മനുഷ്യന് സാങ്കേതികമായി കണ്ടെത്താൻ കഴിയാത്ത കാരണങ്ങളെ അഭൗതികമായി ചിത്രീകരിച്ചതുമാണ്. ഈ വസ്തുതകളെയെല്ലാം പ്രമാണങ്ങളുമായി മാറ്റുരച്ച് കൃത്യമായി പരിശോധിച്ചുകൊണ്ടാണ് മുജാഹിദ് പ്രസ്ഥാനത്തിന് നേതൃത്വം കൊടുത്തിരുന്ന ഇസ്‌ലാഹീ പണ്ഡിതർ ഇതിന് മുമ്പ് ജിന്ന് പിശാച് വിഷയങ്ങളിൽ ഒരഭിപ്രായം പറഞ്ഞിരുന്നത്. പിശാചിന് അഭൗതിക കഴിവുകളുണ്ടെന്ന് വിശ്വസിക്കാൻ ശ്രമിക്കുമ്പോൾ ഉണ്ടാകുന്ന വ്യതിയാനങ്ങൾ ചെറുതല്ല എന്ന് മനസ്സിലാക്കിയതിനാലാണ്, മുജാഹിദുകളുടെ കയ്യിലിരിക്കുന്ന മലയാള ക്വുർആൻ പരഭാഷപ്പെടുത്തിയവരിൽ പ്രമുഖനായ ഒരു പണ്ഡിതന് ഈ രൂപത്തിൽ എഴുതേണ്ടി വന്നത്: ''ജിന്നുകൾക്ക് അല്ലാഹു നൽകുന്ന കഴിവ് മനുഷ്യകഴിവിന്ന് അതീതമെങ്കിലും അതിനെ അഭൗതികമെന്നു വിശേഷിപ്പിക്കുന്നത് ഇസ്‌ലാമിക കാഴ്ചപ്പാടിൽ ശരിയല്ല. അഭൗതികമായ കഴിവ് എന്ന് നാം പറയുമ്പോൾ ഉദ്ദേശിക്കുന്നത് അല്ലാഹു സൃഷ്ടികൾക്കാർക്കും നൽകിയിട്ടില്ലാത്ത കഴിവാണ്.''[24]

ചെറിയമുണ്ടം മൗലവി കുറിച്ചിട്ട ഉപരിസൂചിത വരികൾ തൗഹീദും പ്രാർത്ഥനയും പഠിപ്പിക്കുമ്പോഴായിരുന്നു എന്നത് ഏറെ ശ്രദ്ധേയമാണ്. അല്ലാഹു അല്ലാത്തവരോടുള്ള പ്രാർത്ഥനയെ കുറിച്ച് പ്രതിപാദിക്കുമ്പോൾ അതിന്റെ വിശദീകരണത്തിൽ അഭൗതിക കഴിവും കാര്യകാരണബന്ധവുമെല്ലാം അതിന്റെ ബാലപാഠത്തിൽ തന്നെ ചർച്ചയാകാറുള്ളതാണ്. ഒരു കൂട്ടം ഇസ്‌ലാഹീ പണ്ഡിതരുടെ കൂട്ടമായ പരിശ്രമത്തിന്റെ ഫലമായി പുറത്തിറങ്ങിയ ഇസ്‌ലാം വാള്യത്തിൽ ഇബാദത്തിന്റെ നേർവിപരീതമായ ശിർക്കിനെകുറിച്ച് ഇപ്രകാരം അഭിപ്രായപ്പെട്ടതും അതുകൊണ്ടുമാത്രമാണ്: ''അഭൗതികവും കാര്യകാരണ ബന്ധങ്ങൾക്കതീതവുമായ രീതിയിൽ സഹായം തേടുന്നത് അല്ലാഹു അല്ലാത്തവരോടായാൽ ശിർക്കാവുമെന്ന് ഇസ്‌ലാമിന്റെ അടിസ്ഥാന പാഠങ്ങൾ പഠിച്ച ആർക്കും സംശയത്തിന് അവകാശമില്ല.''[25]

അഭൗതികമായി സഹായിക്കാനുള്ള കഴിവ് അല്ലാഹുവിന് മാത്രമായിരിക്കെ, ബിൽഖീസ് രാജ്ഞിയുടെ സിംഹാസനം കൊണ്ടുവരാൻ ആർക്കാണ് സാധിക്കുക എന്ന സുലൈമാൻ നബി(അ)യുടെ ചോദ്യത്തിനെ അഭൗതിക മാർഗത്തിലുള്ള ചോദ്യമായി ചിത്രീകരിച്ച ക്വുബൂരികൾക്ക് എ.പി. അബ്ദുൽഖാദിൽ മൗലവി പണ്ട് കൊടുത്ത മറുപടിയിലും മേൽസൂചിപ്പിച്ച വാദഗതികൾ കാണാൻ കഴിയും. സുലൈമാൻ നബി(അ)യുടെ ചോദ്യത്തിൽ 'അഭൗതികതയുടെ യാതൊരു പ്രശ്നവും സുലൈമാൻ നബി(അ) ഉന്നയിക്കുന്നില്ല' എന്നും, ജിന്നിൽ പെട്ട രാക്ഷസൻ പറയപ്പെട്ട സിംഹാസനം കൊണ്ടുവരാൻ സന്നദ്ധത കാണിച്ച മറുപടിയിൽ 'ജിന്നിനനുസൃതമായ ശക്തിയാണ് പ്രവൃത്തിക്കാധാരമായി പറഞ്ഞിട്ടുള്ളത്. അഭൗതികതയുടെ പ്രശ്നമില്ല' എന്നും ലേഖകനെകൊണ്ട് എഴുതാൻ പ്രേരിപ്പിച്ചത്[26] മേൽ വിവരിച്ച അതേ സംഗതികൾ തന്നെ.

മുകളിൽ വിശദീകരിച്ച തത്വം മനസ്സിലാക്കിക്കൊണ്ട് തന്നെയാണ് ഇന്നുവരെയുള്ള ഇസ്‌ലാഹീ പണ്ഡിതർ മുസ്‌ലിം സമുദായത്തെ തൗഹീദ് പഠിപ്പിക്കുവാൻ ആകുവോളം പരിശ്രമിച്ചിട്ടുള്ളത്. അല്ലാഹു അല്ലാത്തവരോടുള്ള സഹായാർത്ഥനകൾക്ക് പ്രമാണങ്ങളിൽനിന്ന് തെളിവന്വേഷിച്ചു നടക്കുന്ന ക്വുബൂരികൾ, അവരുടെ ഇംഗിതം സാക്ഷാത്കൃതമായി എന്ന നിലക്ക് കൊണ്ടുവന്ന 'യാ ഇബാദല്ലാഹി അഈനൂനി' എന്ന ദുർബല ഹദീഥിലുള്ള വിളിക്ക് ഉമർ മൗലവി, ചെറിയമുണ്ടം തുടങ്ങിയ പണ്ഡിതൻമാർ കൊടുത്ത മറുപടിയിലും മുകളിൽ വിവരിച്ച ഭൗതിക-അഭൗതിക വ്യത്യാസം കാണാൻ കഴിയും. അതുകൊണ്ടാണ് പ്രസ്തുത ഹദീഥ്

[24] ചെറിയമുണ്ടം അബ്ദുൽഹമീദ് മൗലവി, പ്രാർത്ഥന തൗഹീദ് ചോദ്യങ്ങൾക്ക് മറുപടി, പേജ് 78

[25] ഇസ്‌ലാം വാള്യം ഒന്ന്, വിശ്വാസ ദർശനം, പേജ് 565

[26] എ.പി. അബ്ദുൽഖാദിൽ മൗലവി, ചോദ്യങ്ങൾ മറുപടികൾ, പേജ് 7,8

വിശദീകരിക്കുന്നതിനിടയിൽ ചെറിയമുണ്ടം മൗലവി ഇങ്ങനെ പറഞ്ഞത്: ''വിളിക്കുക, സഹായം ചോദിക്കുക, പ്രാർത്ഥിക്കുക- ഇവ തമ്മിൽ മൗലികമായ വ്യത്യാസമുണ്ട്. 'യാ ഇബാദ്' (അടിമകളേ) എന്ന വിളി പല ക്വുർആൻ വാക്യങ്ങളിലുമുണ്ട്. ഇത് അടിമകളോടുള്ള പ്രാർത്ഥനയാണെന്ന് കാര്യബോധമുള്ള ആരും പറയില്ല. പ്രവാചകന്മാർ പല കാര്യങ്ങളിലും അനുചരന്മാരോട് സഹായസഹകരണങ്ങൾ ചോദിച്ചിട്ടുണ്ട്. അതും പ്രാർത്ഥനയല്ല. സൃഷ്ടികൾക്ക് നൽകപ്പെട്ട കഴിവിന് അതീതമായ കാര്യങ്ങളിൽ സഹായം തേടലാണ് പ്രാർത്ഥന. ഈ പ്രാർത്ഥന അല്ലാഹു അല്ലാത്ത ആരിലേക്കും പ്രവാചകന്മാർ തിരിച്ചുവിട്ടിട്ടില്ല. തിരിച്ചുവിടാൻ നിർദേശിച്ചിട്ടുമില്ല. ജിന്നുകൾ അല്ലാഹുവിന്റെ അടിമകളാണ്. അവരുടെ അസ്തിത്വത്തെയോ കഴിവുകളെയോ സംബന്ധിച്ച് വിശദവിവരങ്ങൾ ക്വുർആനിലോ പ്രാമാണികമായ ഹദീഥിലോ ഇല്ല. സുലൈമാൻ നബി(അ) ജിന്നുകളെക്കൊണ്ട് ജോലി ചെയ്യിച്ചിരുന്നു. അവരോട് പല കാര്യങ്ങളും ആവശ്യപ്പെട്ടിരുന്നു. എന്നാൽ അദ്ദേഹം ജിന്നുകളോട് പ്രാർത്ഥിച്ചുവെന്ന് ക്വുർആനിലോ ഹദീഥിലോ പറഞ്ഞിട്ടില്ല. അതുപോലെ വിജന പ്രദേശത്ത് ഉണ്ടായേക്കാൻ സാധ്യതയുള്ള ജിന്നുകളും മലക്കുകളും ഉൾപ്പെടെയുള്ള സൃഷ്ടികളോട് അവർക്ക് കഴിവ് നൽകപ്പെട്ട വിഷയത്തിൽ സഹായം ആവശ്യപ്പെട്ടാൽ അതും പ്രാർത്ഥനയാണെന്ന് പറയാവുന്നതല്ല. പക്ഷേ, ഒറ്റപ്പെട്ട ഒരു റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇങ്ങനെയുള്ള സഹായാഭ്യാർത്ഥന ഇസ്‌ലാമിലെ ഒരു അംഗീകൃത സമ്പ്രദായമാണെന്ന് പറയാവുന്നതല്ല.''[27]

'വിജന പ്രദേശത്ത് ഉണ്ടായേക്കാൻ സാധ്യതയുള്ള ജിന്നുകളും മലക്കുകളും ഉൾപ്പെടെയുള്ള സൃഷ്ടികളോട് അവർക്ക് കഴിവ് നൽകപ്പെട്ട വിഷയത്തിൽ സഹായം ആവശ്യപ്പെട്ടാൽ അതും പ്രാർത്ഥനയാണെന്ന് പറയാവുന്നതല്ല' എന്ന മേൽപ്രസ്താവനയെ കുറിച്ചാണ് മലയാളക്കര യിലേക്ക് ഇറക്കുമതി ചെയ്ത പച്ചയായ ശിർക്കെന്ന് മടവൂരിസത്തിന്റെ ആദർശം സ്വീകരിച്ച മൂവർസംഘം പ്രചരിപ്പിച്ചത്. എത്ര ഗുരുതരമായ ആരോപണമാണിത്. വാസ്തവത്തിൽ, തൗഹീദ് സ്ഥാപിക്കുകയും ശിർക്കിനെതിരെ പടപൊരുതുകയും ചെയ്ത അനേകം പണ്ഡിതരുടെ നേർക്കാണ് ഇത്തരം കഴമ്പില്ലാത്ത ആരോപണങ്ങൾ വന്നുപതിക്കുന്നത്. ബദ്‌രീങ്ങളോടോ, മുഹ്‌യുദ്ദീൻ ശൈഖിനോടോ, അതുമല്ലെങ്കിൽ മരിച്ചു മൺമറഞ്ഞുപോയ 'ഔലിയാക്കളോ'ടോ ക്വുബൂരികൾ നടത്തുന്ന വിളിയോട് സാമ്യമുള്ളതാണത്രെ ചർച്ചാവിഷയമായ ഹദീഥിൽ സൂചിപ്പിച്ച 'യാ ഇബാദ്' (അടിമകളേ) എന്ന വിളി. എന്തുമാത്രം വിവരക്കേടാണ് ഈ പുതിയ വാദം. പ്രസ്തുത ഹദീഥിന്റെ ഉള്ളടക്കത്തിൽ പ്രാർത്ഥനയില്ല എന്ന് ഉമർ മൗലവിയടക്കമുള്ള ഇസ്‌ലാഹി പണ്ഡിതർ അഭിപ്രായപ്പെട്ടത് നമുക്ക് കണ്ടില്ലെന്ന് നടിക്കാനാകുമോ?.

മുഹ്‌യിദ്ദീൻ ശൈഖേ രക്ഷിക്കണേ എന്ന തേട്ടം പ്രാർത്ഥനയല്ല, ആരാധനയുമല്ല, കേവലം സഹായത്തേട്ടമാണ് എന്ന ക്വുബൂരികളുടെ അവകാശവാദത്തിന് ഉമർ മൗലവി (റഹി) കൊടുത്ത മറുപടി ഇതോടൊപ്പം വായിക്കുന്നത് ഉചിതമായിരിക്കും. അദ്ദേഹം പറയുകയാണ്: ''ദുആ: വിളിച്ചുതേടൽ അഥവാ പ്രാർത്ഥിക്കൽ പല ആവശ്യങ്ങൾക്ക് വേണ്ടിയും ഉണ്ടല്ലോ. രക്ഷതേടലാണെങ്കിൽ ഇസ്തിഗാസ എന്നും, സഹായം തേടലാണെങ്കിൽ ഇസ്തിആനത്ത് എന്നും, പൊറുക്കലിനെ തേടലാണെങ്കിൽ ഇസ്തിഗ്ഫാർ എന്നും മഴതേടലാണെങ്കിൽ ഇസ്തിസ്ഖാഅ് എന്നും പേരുകൾ മാറിമാറി പറയുന്നുണ്ട്. എല്ലാം ദുആഅ് (പ്രാർത്ഥന) തന്നെ. പ്രാർത്ഥന ശരിയായ ഇബാദത്താണെന്ന് ഖുർആനും, ഹദീസും തെളിയിച്ചിട്ടുണ്ട്. എന്ന് മാത്രമല്ല പ്രാർത്ഥന ഉൾക്കൊള്ളുന്ന ഏതൊരു കാര്യവും ഇബാദത്ത് തന്നെ, പ്രാർത്ഥന ഉള്ളിലില്ലെങ്കിൽ ഇബാദത്താകുകയില്ല. നമസ്കാരം ഏറ്റവും പ്രധാനപ്പെട്ട ഇബാദത്താണല്ലോ. എന്നാൽ അതിൽ പ്രാർത്ഥനവേണം. അല്ലാഹുവേ! നരകത്തിൽനിന്ന് എന്നെ രക്ഷിക്കണേ! സ്വർഗത്തിൽ ആക്കിത്തരണേ, നിന്റെ പൊരുത്തവും അടുപ്പവും എനിക്ക് നൽകണേ ഇങ്ങനെയുള്ള പ്രാർത്ഥന നമസ്കരിക്കുന്നവന്റെ മനസ്സിൽവേണം. എങ്കിൽ മാത്രമെ നമസ്കാരം ഇബാദത്താകയുള്ളൂ. ഇനി നമസ്ക്കാരം പതിവില്ലാത്ത ഒരുവൻ നമസ്കരിക്കുന്നവരുടെ കൂട്ടത്തിൽ ചെന്ന്പെട്ടപ്പോൾ എല്ലാവരും നമസ്കരിക്കുന്ന സമയത്ത്, ഞാൻ എങ്ങിനെ വെറുതെയിരിക്കുമെന്നു കരുതി ആളെ കാണിക്കാൻ വേണ്ടി നമസ്കരിച്ചാൽ ആ നമസ്കാരം ഇബാദത്തല്ല. കാരണം, അവിടെ

[27] ചെറിയമുണ്ടം അബ്ദുൽഹമീദ് മൗലവി, നിത്യജീവിതത്തിലെ ഇസ്‌ലാമിക നിയമങ്ങൾ: സംശയവും മറുപടിയും, പേജ് 36,37

പ്രാർത്ഥനയില്ല. എന്നാൽ കുത്ത്ബിയ്യത്ത് റാത്തീബിന്റെ മുമ്പ് പന്ത്രണ്ട് റക്അത്ത് നമസ്കരിക്കണം എന്ന് പറയുന്നു. മുഹ്യിദ്ദീൻ ശൈഖിന്റെ പൊരുത്തവും അടുപ്പവും തേടിക്കൊണ്ടാണ് അത് ചെയ്യുന്നത്. പ്രാർത്ഥന ശൈഖിനോടാണ്, അതിനാൽ ആ നമസ്കാരം ശൈഖിന് ഇബാദത്താണ്. ഉള്ഹിയ്യത്തിൽ മൃഗത്തെ അറുക്കുന്നതും ഹജ്ജിൽ മൃഗത്തെ അറുക്കുന്നതും അല്ലാഹുവിന്റെ പൊരുത്തം ആഗ്രഹിക്കുക എന്ന പ്രാർത്ഥനയോട് കൂടിയായതിനാൽ ആ അറവ് അല്ലാഹുവിന് ഇബാദത്താണ്, മുഹ്യുദ്ദീൻ ശൈഖിന്റെയോ ബദ്രീങ്ങളുടേയോ പേരിൽ അറവ് നടത്തുമ്പോൾ അവരുടെ പൊരുത്തവും അടുപ്പവും ലഭിക്കണമെന്ന പ്രാർത്ഥന വന്നു. അതുകൊണ്ട് ആ അറവ് അവർക്ക് ഇബാദത്താണ്, ചുരുക്കത്തിൽ ഏതൊരു ആരാധനയുടേയും ആത്മാവ് പ്രാർത്ഥനയാണ്. പ്രാർത്ഥനയുടെ മഹത്വത്തെപ്പറ്റി വളരെ പറയാനുണ്ട്. അത്രയും പ്രധാനപ്പെട്ട ആരാധനയായ പ്രാർത്ഥന അല്ലാഹു അല്ലാത്തവരോട് ചെയ്താൽ തനിശിർക്കും കുഫ്റുമാണെന്നു വ്യക്തം. അത് ചെയ്തവൻ ബിംബത്തിന് സുജൂദ് ചെയ്തവനേക്കാൾ കടുത്ത കാഫിറാകുന്നു.”[28]

അല്ലാഹു അല്ലാത്തവരോടുള്ള പ്രാർത്ഥന വളരെ ഗുരുതരമായ കുറ്റമാണെന്നും, അതിനെ ലളിതവും ശക്തവുമായ ഭാഷയിലൂടെ ഉമർ മൗലവി(റഹി) ഖണ്ഡിച്ചതും നാം കാണുമ്പോൾ, അതേ ഉമർ മൗലവി(റഹി)ക്ക് ചർച്ചയിലിരിക്കുന്ന ഹദീഥിൽ എന്ത് നിലപാടാണ് ഉണ്ടായിരുന്നത് എന്നറിയൽ ഇസ്‌ലാഹി കേരളത്തിലെ വിശ്വാസികൾക്കിടയിൽ ശ്രദ്ധ പതിയേണ്ട ഒന്നുതന്നെ. തൗഹീദി പ്രബോധനരംഗത്തെ പടവാൾ എന്ന് വിശേഷിപ്പിക്കാവുന്ന അദ്ദേഹത്തിന്റെ സൽസബീലിൽ, പുളിക്കൽ അറബി കോളേജിലെ വിദ്യാർത്ഥിയായിരുന്ന അബ്ദുർറഹ്മാൻ പാലത്തിനെ കൊണ്ട് ഖുബൂരികൾക്ക് മറുപടിയായി തന്റെ ദൗത്യം നിർവ്വഹിക്കാൻ ഉമർ മൗലവി(റഹി) തയ്യാറായി. ആ മറുപടി ഇങ്ങനെ: “ഈ ഹദീഥ് ബലഹീനമാണെന്നതിൽ തർക്കമില്ല. കാരണം ഇതിന്റെ പരമ്പരയിൽ സൈദുബ്നു അലിയ്യ് എന്ന ആൾ ഉത്ബയെ കണ്ടിട്ടില്ല. അതിനാൽ സനദു ഇടമുറിഞ്ഞതുനിമിത്തം തള്ളപ്പെട്ടിരിക്കുന്നു, (മജ്മഉസ്സവാഇദ്) ഇനി ഹദീസ് സഹീഹാണെന്നു വെറുതെ സങ്കല്പിച്ചാൽതന്നെയും വാദവിഷയവും ഇതും തമ്മിൽ യാതൊരു ബന്ധവുമില്ല. വാദം മുഹ്യിദ്ദീൻ ശൈഖേ രക്ഷിക്കണേ എന്നു വിളിച്ചു തേടുന്നതു അനുവദനീയമാണെന്നാണല്ലൊ. അല്ലാഹുവിന്റെ അടിമകളേ, സഹായിക്കണേ എന്നാണല്ലൊ ഹദീസിലുള്ളത്. ഒരു വിജനപ്രദേശത്തു ഒറ്റക്ക് അകപ്പെട്ടു വിഷമം കൊടുമ്പിരികൊള്ളുമ്പോൾ എന്നിങ്ങിനെ സന്ദർഭം വ്യക്തമായി നിർണ്ണയപ്പെടുത്തുകയും ചെയ്തു. അപ്പോൾ ജനനിബിഡമായ ഒരു പ്രദേശത്തുവെച്ചു മുഹ്യിദ്ദീൻ ശൈഖിനെ വിളിച്ചുതേടാൻ എന്തൊരു വെളിച്ചമാണു ഈ ഹദീസിൽനിന്നു ലഭിക്കുന്നത്. സഹായിക്കാൻ ആരെയും കാണാതെ അത്യധികം വിഷമത്തിൽ അകപ്പെടുന്ന സമയത്തു ‘യാഇബാദല്ലാഹ്’ എന്നു വിളിച്ചാൽ അല്ലാഹുവിന്റെ മലക്കുകളും ജിന്നുകളും ആ ഗതിമുട്ടിയ മുഅ്മിനിനെ സഹായിക്കാൻ വന്നെത്തുമെന്നു പ്രതീക്ഷിക്കാം. ഇതാണു ഹദീസിലെ ഉപദേശം. ഈ ഹദീസിനെ അടിസ്ഥാനമാക്കി ആരെങ്കിലും മുഹ്യിദ്ദീൻ ശൈഖേ എന്നെ രക്ഷിക്കണേ എന്നു വിളിച്ചുതേടിയാൽ അവനെ സഹായിക്കാൻ ആരും എത്തുകയില്ലെന്നു മാത്രമല്ല അവൻ അതുമൂലം ‘കാഫിറാ’യിപ്പോകും.”[29]

മേൽകൊടുത്ത മറുപടി സൽസബീലിന്റെ അഭിപ്രായം തന്നെയാണ് (അഥവാ ഉമർ മൗലവി(റഹി)യുടെ അഭിപ്രായം തന്നെ) എന്ന് ധീരതയോടെ എഴുതാൻ[30] ധൈര്യം കാണിച്ച അദ്ദേഹത്തിന്റെ തൗഹീദ്, മൂവർസംഘം ചെയ്തതുപോലെ ഖുറാഫികൾക്ക് വരും നാളുകളിൽ മാന്തിപ്പൊളിക്കുവാൻ ഞങ്ങളനുവദിക്കുകയില്ല. കാരണം, മുജാഹിദുകളുടെ തൊഹീദ്, ഗൈബും ഭൗതികവുമെല്ലാം വേർതിരിച്ചു മനസ്സിലാക്കാൻ കഴിഞ്ഞ, പ്രവാചകനിൽ നിന്നും സലഫുകളിൽ നിന്നും പൂർവ്വികരായ ഇസ്‌ലാഹി പണ്ഡിതരിൽ നിന്നും അനന്തരമെടുത്ത കറകളഞ്ഞ തൗഹീദാണ്. അതിൽ മടവൂരിസത്തിന്റെ കടത്തിക്കൂട്ടൽ കാണാൻ സാധ്യമല്ല, വ്യതിയാനത്തിന്റെ ദുർഗന്ധം ലവലേശമില്ല.

---

[28] ഉമർ മൗലവി, ലഘുലേഖ: വ്യത്യാസം, പേജ് 4,5

[29] സൽസബീൽ, 1971 ഓഗസ്റ്റ്, ലക്കം 3, പേജ് 70

[30] സൽസബീൽ, 1971 ഓഗസ്റ്റ്, ലക്കം 3, പേജ് 67

ഇസ്‌ലാഹി പണ്ഡിതരെ ഉദ്ധരിച്ചുകൊണ്ട് ഇത്രയും എഴുതിയത്, മടവൂരിസത്തിൽ നിന്നും വ്യതിയാനം സംഭവിച്ച തൗഹീദ് വാരിപ്പുൽകി, മുജാഹിദുകളുടെ ആദർശം കളങ്കപ്പെടുത്താൻ ഇന്ന് ചില ഗൂഢസംഘങ്ങൾ ശ്രമിക്കുന്നു എന്നത് വിളിച്ചറിയിക്കാനാണ്. വിശുദ്ധ തൗഹീദിന്റെ പ്രബോധന മാർഗത്തിൽ വിശ്രമമില്ലാതെ പോരോടാൻ മുജാഹിദ് പ്രസ്ഥാനത്തിന്റെ പണ്ഡിതൻമാർക്കും നേതാക്കൾക്കും അതിന്റെ പ്രവർത്തകർക്കും ഊർജം ലഭിക്കുന്നത് ആദർശം കയ്യിലുള്ളതുകൊണ്ടാണ്. അതിനെ തച്ചൊടുക്കാൻ മടവൂർ വിഭാഗം മുഴുവൻ സൈന്യവുമായി രംഗത്തിറങ്ങിയാലും നിരാശരാകുന്നവരല്ല മുജാഹിദുകൾ എന്നത് അനുഭവിച്ചറിഞ്ഞവരാണല്ലോ മടവൂരികൾ. അതുതന്നെയാണ് ഇത്തരുണത്തിൽ അഭിനവ മടവൂരികളെയും ഓർമ്മിപ്പിക്കുവാനുള്ളത്.

ഇനി, ഈ ലേഖനത്തിലൂടെ ജിന്നുകളുടെ കഴിവിനെ കുറിച്ച് പറഞ്ഞ ഭൗതികതയും, ഗൈബിനെ കുറിച്ച് പരാമർശിച്ച ആപേക്ഷികതയും, ദുർബലമായ ഹദീഥിലെ സഹായത്തേട്ടവുമെല്ലാം, ദുഷ്ടലാക്കോടെ വായിക്കുന്നവർ ജിന്നുകളോട് മനുഷ്യന് സഹായം ചോദിക്കാൻ വേണ്ടി അവസരമുണ്ടാക്കാനാണ് ഇത് എന്ന് ധ്വനിപ്പിക്കുവാൻ സാധ്യതയുണ്ട്. മുജാഹിദുകൾ ജിന്നിനോട് പ്രാർത്ഥിക്കുന്നവരാണെന്ന കിംവദന്തി ഇസ്‌ലാഹീ കേരളത്തിൽ ആദ്യമായി പ്രചരിപ്പിച്ച മടവൂരികൾക്ക്, വെറും സാധാരണക്കാരായ മുജാഹിദ് പ്രവർത്തകർ തന്നെ നിരവധി തവണ ഗൈബും അഭൗതികയും കാര്യകാരണബന്ധവും പഠിപ്പിക്കുകയായിരുന്നു. എന്നാൽ കുറുന്തോട്ടിക്കു തന്നെ വാതം പിടിച്ച മട്ടിൽ നമ്മുടെ പ്രസ്ഥാനത്തിനകത്തുള്ളവർക്കും ഈ അസുഖം പിടിപെട്ടിരിക്കുന്നു. കഴിഞ്ഞ മുപ്പതോളം വർഷം ദീനീപ്രബോധന രംഗത്ത്, വിശിഷ്യാ തൗഹീദിന്റെ മാർഗത്തിൽ നിലയുറപ്പിച്ച നമുക്കെല്ലാം സുപരിചിതനായ പണ്ഡിതൻ, ഡോ. കെ.കെ. സകരിയ്യാ സ്വലാഹിയും അന്ന് മടവൂരികൾക്ക് ആ ആരോപണത്തിനെല്ലാം ഉചിതമായ മറുപടി പറഞ്ഞിട്ടുണ്ട്. അതിൽനിന്നുള്ള ഒരു പ്രസക്ത ഭാഗം കൂടി ഇവിടെ കൊടുത്തുകൊണ്ട് ഈ ലേഖനം അവസാനിപ്പിക്കാം. അദ്ദേഹം എഴുതി: ''മറ്റെല്ലാറ്റിലുമെന്ന പോലെ മടവൂരികൾ ഇസ്‌ലാഹിന്റെ പേരിൽ ആരോപിക്കുന്ന പച്ചക്കള്ളമാണിത്. മരുഭൂമിയിൽ ഒറ്റപ്പെടുമ്പോഴോ മറ്റോ മലക്കുകളോടോ ജിന്നുകളോടോ സഹായം തേടണമെന്നോ തേടാമെന്നോ ഇസ്‌ലാഹ് മാസികയിൽ എഴുതിയിട്ടില്ല. അങ്ങനെ മലക്കുകളോടോ ജിന്നുകളോടോ സഹായം തേടാമെന്ന് എനിക്കോ മറ്റു സലഫികൾക്കോ വാദവുമില്ല. 2008 ജനുവരി ലക്കം ഇസ്‌ലാഹ് മാസികയിൽ അത് തുറന്നെഴുതിയിട്ടുമുണ്ട്. അത് ഇങ്ങനെ വായിക്കാം. 'നമ്മുടെ ജീവിതത്തിലെ ഒരു സാഹചര്യത്തിലും ജിന്നിനോട് സഹായം തേടാൻ ക്വുർആനിലും ഹദീസിലും തെളിവില്ല.' ഈ ഭാഗം മറച്ചുപിടിച്ചുകൊണ്ടാണ് മലക്കുകളോടും ജിന്നുകളോടും സഹായം തേടാം എന്ന വാദം മടവൂരികൾ മുജാഹിദുകളുടെ പേരിൽ പറഞ്ഞുനടക്കുന്നത്. ജിന്നിനോടും മലക്കുകളോടും സഹായം തേടാമെന്ന വാദം ഇസ്‌ലാമികമല്ല. മുജാഹിദ് പ്രവർത്തകർക്കാർക്കും തന്നെ ഈ വാദവുമില്ല...... ഇത്രയും വ്യക്തമാണ് നമ്മുടെ വീക്ഷണം എന്നിരിക്കെ പിന്നെയും ജിന്നിനോട് സഹായം തേടാമെന്ന് വാദിക്കുന്നവരാണ് നമ്മളെന്ന് പ്രചരിപ്പിക്കുന്നവർ നാളെ പരലോകമെന്നൊരു സംഗതിയുണ്ടെന്ന കാര്യം മറക്കരുതെന്നേ പറയാനുള്ളൂ.''[31]

[31] ഡോ. കെ.കെ. സകരിയ്യാ സ്വലാഹി, മുജാഹിദ് പ്രസ്ഥാനവും പുതിയ വിവാദങ്ങളും, പേജ് 8,9